**സബ്മിഷൻ:**

**കാട്ടാനശല്യം**

ശ്രീ. സണ്ണി ജോസഫ് : സർ, കേരളത്തിലെ വനാതിർത്തികളിൽ നിന്നുണ്ടാകുന്ന വന്യമൃഗ ശല്യപ്രശ്നം ഈ സഭയിലും മാധ്യമങ്ങളിലുമൊക്കെ ഒരുപാട് തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. എന്നാൽ ആ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല. ആന, പന്നി തുടങ്ങിയവയുടെയെല്ലാം എണ്ണം ദൈനംദിനം പെരുകിക്കൊണ്ടിരിക്കുന്നു. കൃഷിക്കും മനുഷ്യജീവനും ഭീഷണി ഉയർത്തിക്കൊണ്ട് അവ നാട്ടിലേക്ക് ഇറങ്ങുകയാണ്. ഈ കഴിഞ്ഞ പുതുവത്സരദിനത്തിൽ തന്നെ എന്റെ നിയോജകമണ്ഡലത്തിലെ കേളകം പഞ്ചായത്തിൽ വീട്ടുമുറ്റത്തുവച്ച് ജോർജ്കുട്ടി എന്ന ഒരു കൃഷിക്കാരനെ കാട്ടാന പിടിക്കുകയും പറമ്പിലിട്ട് വലിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ചെരുപ്പും കണ്ണടയും വസ്ത്രവുമൊക്കെ പറമ്പിൽ പലഭാഗത്തായി ചിതറികിടക്കുന്നത് ഞാൻ കണ്ടു. അദ്ദേഹം അത്യാസന്ന നിലയിൽ കോഴിക്കോട്ട് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് 50,000 രൂപ താൽക്കാലിക ചികിത്സാ ചെലവിലേക്ക് നൽകിയിട്ടുണ്ട്. ഇതൊരു ശാശ്വതമായ പരിഹാര മാർഗ്ഗമല്ല. ഇവിടെ ഇപ്പോൾ ട്രെഞ്ച് ഉണ്ടാക്കുന്നുണ്ട്. അതുപോലെ തന്നെ ഇലക്ട്രിക് ഫെൻസിംഗ് ഉണ്ട്. ഞാൻ ഈ സ്ഥലം പോയി കണ്ടു. ഇലക്ട്രിക് ഫെൻസിംഗ് ഉള്ള സ്ഥലത്താണ് ആന വീട്ടുപറമ്പിലേക്ക് അതിക്രമിച്ചുകയറി ഗൃഹനാഥനെ പിടിച്ചുകൊണ്ടുപോയി ഈ ഉപദ്രവങ്ങളെല്ലാം ചെയ്തത്. ഇലക്ട്രിക് ഫെൻസിംഗ് ഫലപ്രദമല്ല. ഭൂമുഖത്ത് മനുഷ്യനും വന്യമൃഗങ്ങളും ഉള്ളിടത്തോളംകാലം ഈ വന്യമൃഗശല്യം ഉണ്ടാകും. തലമുറകൾക്ക് അപ്പുറ

ത്തേക്കും ഈ ആപത്ത് ഇവിടെ പതിയിരിക്കുകയാണ്. അതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ഒറ്റയടിക്കല്ലെങ്കിൽ പോലും ഘട്ടംഘട്ട മായി നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ ഈ ആവശ്യ ത്തിനായി വയനാടിന് 10 കോടി രൂപ പ്രത്യേകമായി വകയിരുത്തിയിരുന്നു. അത് വയനാട്ടിലും മലപ്പുറം ജില്ലയിലെ ചില പ്രദേശങ്ങളിലും ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ആറളം, കൊട്ടിയൂർ എന്നിങ്ങനെ രണ്ട് വന്യമൃഗ സങ്കേതങ്ങളുണ്ട്. ആറളത്ത് ആദിവാസി മേഖല യിൽ മാത്രമായി മൂന്ന് കിലോമീറ്റർ ആറടി ഉയരത്തിൽ കരിങ്കൽ ഭിത്തി കെട്ടി യപ്പോൾ വളരെ ഫലപ്രദമായി ആനശല്യം തടയാൻ വേണ്ടി സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരത്തിലുള്ള സംഭവങ്ങൾ വ്യാപകമാക്കണം. ഏറ്റവും അടുത്ത ദിവസം ഈ സംഭവം ഉണ്ടായ കേളകം പഞ്ചായത്തിലെ വന്യമൃഗ സങ്കേതത്തോട് ചേർന്ന് മനുഷ്യവാസമുള്ള വനാതിർത്തിയിൽ കരിങ്കൽ ഭിത്തി കെട്ടി. ഇലക്ട്രിക് ഫെൻസിംഗ് പരാജയം ആണെന്ന് അവിടെ നോക്കി യാൽ കാണാം. ബഹുമാനപ്പെട്ട മന്ത്രി ഫോറസ്റ്റ് ഉദ്യോഗസ്ഥരെ അയച്ച് അത് പരിശോധിക്കണം. അതിനുശേഷം അടിയന്തരമായി കരിങ്കൽ ഭിത്തി കെട്ടി മനുഷ്യജീവനും കൃഷിയ്ക്കും സംരക്ഷണം നൽകാനുള്ള അടിയന്തര നടപടി കൾ സ്വീകരിക്കണമെന്ന് ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ) സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വികാരത്തോട് ഞാൻ പൂർണ്ണ മായും യോജിക്കുകയാണ്. കാരണം മൃഗങ്ങളും മനുഷ്യനും തമ്മിലുള്ള കോൺഫ്ളിക്ടിനെക്കുറിച്ച് നമ്മൾ ദീർഘകാലമായി ചർച്ച ചെയ്തുകൊണ്ടി രിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ചില നടപടികൾ എടുത്തി

ട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിൽനിന്നും വന്യ മൃഗങ്ങളെ തുരത്തിയോടിക്കുന്നതിനായി എട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാന ഗവൺമെന്റ് പല സ്ഥലങ്ങളിലായി നിയോഗിച്ചിട്ടുണ്ട്. വൈദ്യുതി കമ്പിവേലി, ആന പ്രതിരോധ മതിൽ, കിടങ്ങ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുത്തിട്ടുണ്ട്. പതിവായി കുഴപ്പം സൃഷ്ടിക്കുന്ന ആനകളെ പിടിച്ചുമാറ്റി അവയെ വീണ്ടും കാട്ടിലേയ്ക്ക് തിരിച്ചയക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. 02–01–2014-ൽ കണ്ണൂർ ഡിവിഷന്റെ അധീനതയിലുള്ള കൊട്ടിയൂർ റെയ്ഞ്ചിലെ മണത്തണ സെക്ഷനിലെ ചെട്ടിയാംപറമ്പ് എന്ന സ്ഥലത്താണ് നേരത്തെ ശ്രീ സണ്ണി ജോസഫ് പറഞ്ഞ സംഭവം ഉണ്ടായത്. ആ സംഭവത്തിന്റെ അടിസ്ഥാനത്തിൽ കോയിക്കൽ ജോർജ് എന്നുപറയുന്ന ഒരാളിനെ ആനതട്ടി ഗുരുതരമായി പരിക്കേൽപ്പിച്ചു. ചികിത്സയിൽ കഴിയുന്ന ശ്രീ. ജോർജിന് ഗവൺമെന്റ് 50,000 രൂപ അന്നേ ദിവസം തന്നെ നൽകിയിട്ടുണ്ട്. തുടർ ചികിത്സയ്ക്കാവശ്യമായ 75,000 രൂപ വനം വകുപ്പുതന്നെ വഹിക്കുന്നതാണ്. കണ്ണൂരിലെ ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്ത് നേരത്തെ തന്നെ ശ്രീ. സണ്ണി ജോസഫ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 160 കി. മീ. ദൂരത്തിൽ വൈദ്യുതി കമ്പി നിർമ്മിക്കുന്നതിന് 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 100 ലക്ഷം രൂപയുടെ ജോലികൾ ഈ സാമ്പത്തികവർഷംതന്നെ ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങൾ വരുത്തിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിലിതുവരെ 40 ലക്ഷം രൂപയിലേറെ ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്. അങ്ങ് ഇവിടെ ചുറ്റുമതിൽ കെട്ടു

ന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ഗവൺമെന്റ് അത് ഗൗരവമായി പരിഗണിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി സ്കൂൾ പഠനം

ശ്രീ. കെ. എൻ. എ. ഖാദർ : സർ, നമ്മുടെ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ ഒന്നുരണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. സർക്കാരിന് കീഴിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകൾ ഇപ്പോൾ ഒരാഴ്ച്ചയിൽ ആറ് ദിവസം പ്രവർത്തിക്കുന്ന സാഹചര്യമാണുള്ളത്. കേരളത്തിലെ എല്ലാ ഹൈസ്ക്കൂളുകളും കോളേജുകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളുമൊക്കെ പ്രവർത്തിക്കുന്നത് അഞ്ച് ദിവസമാണ്. ഹയർ സെക്കണ്ടറിയിൽ പഠിക്കുന്ന കുട്ടികൾ എല്ലാവരെക്കാളും പഠനഭാരമുള്ള ഒരു വിഭാഗം വിദ്യാർത്ഥികളാണ്. അവർക്ക് എൻട്രൻസ് കോച്ചിങ്ങുണ്ട്. ട്യൂഷന് പോകാനുണ്ട്. പ്ലസ് ടുവിന് മാർക്ക് വാങ്ങേണ്ടതായിട്ടുണ്ട്. കോച്ചിംഗിൽ ജയിക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെ ഒരുപാട് ബാധ്യതകളും ബുദ്ധിമുട്ടുകളും ഉള്ളതാണ്. ആഴ്ച്ചയിൽ ഒരു ദിവസം ഒഴിവുണ്ടായാൽ അവർക്ക് വസ്ത്രങ്ങൾ അലക്കാനോ റെഡിയാകാനോ പഠനകാര്യങ്ങൾ ശ്രദ്ധിക്കാനോ ഡോക്ടറെ കാണാനോ ആശുപത്രിയിൽ പോകാനോ ബന്ധുവീടുകളിൽ പോകാനോ ഒന്നും സമയമില്ലാത്തവിധം ആ പ്രായത്തിലുള്ള കുട്ടികളെ വളരെ കഷ്ടപ്പെടുത്തുന്ന സമീപനമാണ് വിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അവർക്ക് ഒരാഴ്ച്ചയിൽ അഞ്ച് ദിവസമാക്കി സ്കൂൾ പ്രവൃത്തി ദിനം നിജപ്പെടുത്തണമെന്നതാണ് ഒരു പ്രധാനപ്പെട്ട ആവശ്യം. ഹയർ സെക്കണ്ടറി

സ്കൂളുകളിൽ എവിടെയും അദ്ധ്യാപകേതര ജീവനക്കാരില്ല. പ്രിൻസിപ്പൽമാർ തൂപ്പുകാരുടേതും ക്ലാർക്കുമാരുടേതും ഉൾപ്പെടെ ബാക്കിയെല്ലാ പണിയുമെടുക്കണം എന്ന സ്ഥിതിവിശേഷമാണുള്ളത്. അദ്ധ്യാപകരെ ജൂനിയർ, സീനിയർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി ഇനംതിരിച്ച് ഒരേ യോഗ്യതയുള്ള ആളുകളെ, രണ്ട് വിഭാഗമായി ഇനം തിരിക്കുന്ന സാഹചര്യങ്ങളുണ്ട്. ഇതിൽ മാറ്റം വരുത്തി ഹയർ സെക്കണ്ടറിയായി മാറ്റിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള യാതൊരു സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഒന്നാമത് പറഞ്ഞ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. പ്രവൃത്തി ദിനം അഞ്ചാക്കി ചുരുക്കുക, അദ്ധ്യാപകന്മാരുടെ ഇടയിൽ ജൂനിയർ, സീനിയർ വ്യത്യാസം ഒഴിവാക്കുക, അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുക തുടങ്ങിയ ആവശ്യങ്ങൾ പരിഗണിക്കണം എന്ന് ഈ സബ്മിഷനിലൂടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ശനിയാഴ്ച്ച പ്രവൃത്തി ദിവസം ഒഴിവാക്കി പ്രവൃത്തിദിനം അഞ്ച് ദിവസമായി പുന:ക്രമീകരിച്ച് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിലവിലുള്ള ടൈംടേബിൾ പ്രകാരം 9.30 മുതൽ 4.15 വരെയാണ് പഠന സമയം. തിങ്കൾ മുതൽ വ്യാഴം വരെയും ശനിയാഴ്ച്ചകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിൽ 45 മിനിട്ടുവീതമുള്ള നാല് പീരിയഡ് വീതവും 40 മിനിട്ടുകൾ വീതമുള്ള മൂന്ന് പീരിയഡുകൾ വീതവും 35 മിനിട്ടുള്ള ഒരു പീരിയഡുമായി ആകെ എട്ട് പീരിയഡുകളാണുള്ളത്. വെള്ളിയാഴ്ച്ച ദിവസങ്ങളിൽ 45 മിനിട്ടിന്റെ നാല് പീരിയഡും 40 മിനിട്ടിന്റെ രണ്ട് പീരിയഡും 35 മിനിട്ടിന്റെ ഒരു

പീരിയഡുമായി ആകെ ഏഴ് പീരിയഡുകളാണുള്ളത്. ആകെ ഒരാഴ്ച്ചയിൽ തിങ്കൾ മുതൽ ശനി വരെ ആറ് ദിവസങ്ങളിലായി 47 പീരിയഡുകളുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും .ആഴ്ച്ചയിൽ തിങ്കൾ മുതൽ വെള്ളി വരെ അഞ്ച് പ്രവൃത്തി ദിവസമാണ് നിലവിലുള്ളത്. എന്നാൽ 1990-ൽ ഹയർസെക്കണ്ടറി കേരളത്തിൽ ആരംഭിച്ചതുമുതൽ ശനിയാഴ്ച്ച ഉൾപ്പെടെ ആഴ്ച്ചയിൽ ആറ് പ്രവൃത്തി ദിനങ്ങൾ എന്ന സമ്പ്രദായം തുടർന്നു വരുന്നു. സ്കൂളുകളിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും ആകർഷ കവും ആസ്വാദ്യകരവുമാക്കുവാനും കുട്ടികൾക്ക് പഠനം ഒരു ഭാരമായി തോന്നാതിരിക്കാനുമായി ആഴ്ച്ചയിൽ ആറ് പ്രവൃത്തിദിനങ്ങൾ അഞ്ചായി പുന:ക്രമീകരിക്കേണ്ടതിന്റെ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഹയർസെക്കണ്ടറി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച പ്രൊഫ. ലബ്ബാ കമ്മിറ്റിയും ഇക്കാര്യത്തിൽ അനുകൂലമായ ശുപാർശയാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഈ ശുപാർശ അംഗീകരിക്കുകയാണെങ്കിൽ ശനിയാഴ്ച്ച ദിവസങ്ങൾ എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയ പാഠ്യേതര പ്രവൃത്തി കൾ ചെയ്യുന്നതിലേക്കായി നീക്കിവയ്ക്കാനും ഗവൺമെന്റിന്റെ പുതിയ സംരംഭമായ അസാപ് പ്രോഗ്രാം പോലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്കൂൾ പഠനത്തോടൊപ്പം പൂർത്തിയാക്കുവാനുമുള്ള അവസരം കുട്ടികൾക്ക് ലഭിക്കുമെന്നാണ് കരുതപ്പെടുന്നത്. ആയതിനാൽ ഹയർ സെക്കണ്ടറി വിദ്യാ ഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ശനിയാഴ്ച്ച പ്രവൃത്തി ദിനം ഒഴിവാക്കി പ്രവൃത്തിദിനം ആഴ്ച്ചയിൽ അഞ്ച് ദിവസമാക്കി പുന:ക്രമീകരിച്ച് നടപ്പിലാ ക്കണമെന്ന ആവശ്യം പ്രായോഗികവും ശാസ്ത്രീയവുമാണോയെന്നത്

സംബന്ധിച്ച് വിശദമായ ചർച്ചകൾക്കുശേഷം സർക്കാർ തീരുമാനിക്കുന്നതാണ്. ഈ വിഷയം മാത്രമാണ് സബ്മിഷന്റെ വിഷയമായി എഴുതിത്തന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റ് രണ്ട് കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. അതിന് യഥാസമയം തീരുമനമെടുക്കുന്നതാണ്.

## ആട്ടോമൊബൈൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സംസ്ഥാനത്ത് ആട്ടോമൊബൈൽ വർക്ക്ഷോപ്പ് രംഗത്ത് പണിയെടുക്കുന്ന പതിനായിരക്കണക്കിനാളുകളാണുള്ളത്. സ്വയംസംരംഭകരായ അതിന്റെ ഉടമസ്ഥരും ജോലിക്കാരും തമ്മിൽ വ്യത്യാസമൊന്നുമില്ല. സ്വയംസംരംഭകർ എന്ന നിലയിൽ അവരും തൊഴിലാളികൾ തന്നെയാണ്. ഇത്തരം വർക്ക്ഷോപ്പുകൾ നടത്തുന്ന പതിനായിരക്കണക്കിനാളുകൾക്കുവേണ്ടി ഒരു ക്ഷേമനിധി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വ്യാപകമായി വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടുതന്നെ ഇതൊരു വലിയ തൊഴിൽ മേഖലയാണ്. പക്ഷേ ആ മേഖലയ്ക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന ക്ഷേമനിധിയിൽ ഒരുപാട് അപാകതകളുണ്ട്. 20 മുതൽ 54 വയസ്സ് വരെയുള്ള ആളുകൾക്കാണ് ഈ ക്ഷേമനിധിയിൽ അംഗങ്ങളാകാൻ കഴിയുന്നത്. എന്നാൽ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഇത്തരത്തിലുള്ള നിരവധി ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ഇന്നും നാളെയുമായി ഈ രംഗത്തുള്ളവരുടെ സത്യാഗ്രഹസമരം സെക്രട്ടേറിയറ്റിനുമുമ്പിൽ നടക്കുകയാണ്. ഒരു തൊഴിൽ മേഖല എന്നുള്ള നിലയിൽ അവർക്ക് ആവശ്യമായ പ്രൊട്ടക്ഷൻ കൊടുക്കേണ്ട ഉത്തരവാദിത്തം സമൂഹത്തിനുണ്ട്. പ്രധാനമായും അവർ ആവശ്യപ്പെടുന്നത് അതാണ്.

വർക്ക്ഷോപ്പ് എന്നുപറയുന്നത് വാഹന ഉടമകളായ ആളുകൾക്കും ആവശ്യ മുള്ളതാണ്. ആ മേഖലയിൽ ജോലി എടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളി കൾക്ക് മറ്റു പല ക്ഷേമനിധികളിലുമുള്ളതുപോലെ പെൻഷൻ കൊടുക്കാവു ന്നതാണ്. എന്നാൽ അതിനാവശ്യമായ സംവിധാനങ്ങളൊന്നുംതന്നെ ഇപ്പോൾ സംസ്ഥാനത്തില്ല. പെൻഷൻ നൽകണമെന്നുള്ളതാണ് അവരുടെ പ്രധാനപ്പെട്ട ആവശ്യം. സാധാരണനിലയിൽ മറ്റു ക്ഷേമനിധികളിൽ കൊടുക്കുന്നതു പോലെ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിരിക്കുന്ന ആളുകൾക്കും കാലാ വധി പൂർത്തിയാകുന്ന സമയത്ത് പെൻഷൻ കൊടുക്കുന്നതിനാവശ്യമായ നട പടി സ്വീകരിക്കണം. അതുപോലെതന്നെ അംശദായം ബാങ്കുമുഖേന അടയ്ക്കാൻ സംവിധാനം ഏർപ്പെടുത്തിയാൽ അവർക്ക് അത് നേരിട്ട് ബാങ്കി ലടയ്ക്കാൻ കഴിയും. വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോഴും സ്പെയർപാർട്സ് വിതരണം ചെയ്യുമ്പോഴും ഒരു ചെറിയ ശതമാനം സെസ് ഏർപ്പെടുത്തിയാൽ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ആവശ്യമായ പണം സ്വരൂപിക്കാനും സർക്കാരിന് കഴിയുന്നതാണ്. തൊഴിൽ വകുപ്പ് പ്രത്യേകമായി മുൻകൈയെടുത്തുകൊണ്ട് ഈ മേഖലയിൽ ജോലി യെടുക്കുന്ന ആളുകളുടെ ക്ഷേമം മുൻനിറുത്തി സെസ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കാൻ കഴിഞ്ഞാൽ ക്ഷേമനിധി പ്രവർത്തനങ്ങൾ ശക്തിപ്പെടു ത്താനും പെൻഷൻ കൊടുക്കാനും സാധിക്കും. അത് ഗവൺമെന്റിന് വളരെ സിംപിളായി ചെയ്യാവുന്നതേയുള്ളൂ. അതുപോലെ സ്വയംതൊഴിലെന്ന നില യിൽ ലൈസൻസിന് അപേക്ഷിച്ചുകഴിഞ്ഞാൽ പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റും പറഞ്ഞുകൊണ്ട് നിരവധി തടസ്സങ്ങൾ ഇവർ നേരിടുകയാണ്. അതു കൊണ്ട് ഇവർക്ക് ലൈസൻസ് കൊടുക്കുന്ന സമ്പ്രദായത്തിൽ സുതാര്യ മായ, ലഘൂകരിക്കപ്പെട്ട ഒരു സംവിധാനം കൊണ്ടുവരേണ്ടതാണ്. ഇത് വലിയ

സംരംഭങ്ങൾ നടത്തുന്നതുപോലെയല്ല. തൊഴിൽ സംരംഭകരെന്ന നിലയിൽ ചെറുകിട വർക്ക്ഷോപ്പുകൾ ആരംഭിക്കാൻ പഞ്ചായത്തിലേക്കോ മറ്റോ അപേക്ഷ കൊടുത്തുകഴിഞ്ഞാൽ തടസ്സങ്ങൾ പരമാവധി കുറച്ചുകൊണ്ട് പെട്ടെന്ന് ലൈസൻസ് കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം ചെറുപ്പക്കാരായ സംരംഭകർക്ക് വർക്ക്ഷോപ്പുകൾ ആരംഭിക്കുന്നതിനായി പാട്ടത്തിന് കൊടുക്കാവുന്നതാണ്. ആ നിലയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് അവർ സമരം നടത്തുന്നത്. ക്ഷേമപെൻഷൻ അനുവദിക്കണമെന്ന പ്രധാനപ്പെട്ട ആവശ്യമെങ്കിലും ഗവൺമെന്റ് അംഗീകരിക്കുകയും മറ്റു കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്യുന്നതിന് നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിലുള്ള ഒരു പദ്ധതിയാണ്. ഈ ക്ഷേമനിധിയിലെ ആകെ അംഗങ്ങളുടെ എണ്ണം 9284 ആണ്. ആകെ അംശദായം സ്വരൂപിച്ചത് 173 ലക്ഷമാണ്. ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ഈ തുക പര്യാപ്തമല്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ടുതന്നെ തൊഴിലുടമയുടെയും തൊഴിലാളിയുടെയും അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിന് നൽകിയിട്ടുണ്ട്. സർക്കാർ അത് പരി

ശോധിച്ചുവരികയാണ്. അങ്ങനെ പര്യാപ്തമാകുന്ന നിലയിൽ തുക ഉണ്ടാകുമ്പോൾ തീർച്ചയായും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. ഇപ്പോൾ മരണാനന്തര ധനസഹായവും ചികിത്സാ ധനസഹായവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലാണ് വന്നിട്ടുള്ളത്. തീർച്ചയായും ഇവിടെ ഉന്നയിച്ച വിഷയങ്ങൾ പരിശോധിക്കുന്നതാണ്. സെസ് ഏർപ്പെടുത്തുക എന്നത് അപ്രായോഗികമാണ്, അത് നടക്കില്ല. ഇപ്പോൾത്തന്നെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു വണ്ടി രജിസ്റ്റർ ചെയ്യുമ്പോൾ ടാക്സ് കൊടുക്കുന്നതോടൊപ്പം അതിന്റെ നോ-ഒബ്ജക്ഷൻ, പണമടച്ച രസീത് വേണമെന്നു പറഞ്ഞതുതന്നെ പല ഭാഗങ്ങളിൽ നിന്നുമുള്ള വലിയ പ്രതിഷേധത്തിനിടയായിട്ടുണ്ട്. അതുകൊണ്ട് പുതുതായി സെസ് ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. ഈ തൊഴിലിന് കാലോചിതമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വർക്ക്ഷോപ്പുകളുടെ എണ്ണം ഇപ്പോൾ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതെല്ലാംകൂടി പരിഗണിച്ചുകൊണ്ട് തീർച്ചയായും അനുഭാവപൂർവ്വം ആവശ്യങ്ങൾ പരിഗണിക്കുന്നതായിരിക്കും.

## കശുവണ്ടി ഫാക്ടറികളിലെ സ്ത്രീത്തൊഴിലാളികളുടെ സുരക്ഷ

ശ്രീമതി പി. അയിഷാപോറ്റി: സർ, കൊല്ലം ജില്ലയിലെ കാര്യമാണ് പ്രധാനമായി പറയാനുള്ളത്. എന്റെ മണ്ഡലത്തിലുൾപ്പെടെ കശുവണ്ടി ഫാക്ടറികളിലെ സ്ത്രീതൊഴിലാളികളുടെ ആരോഗ്യപരിരക്ഷയെ സംബന്ധിച്ചും ശുചിത്വമുള്ള ഒരു അന്തരീക്ഷമില്ലാത്തതിന്റെ അതിദയനീയമായ അവസ്ഥയെ സംബന്ധിച്ചുമുള്ള വിഷയമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെയും

ഗവൺമെന്റിന്റെയും മുമ്പിൽ വയ്ക്കുന്നത്. നേരത്തെതന്നെ ടോയ്ലറ്റ് ഫെസിലിറ്റിപോലുമില്ലാതെ രാവിലെ മുതൽ വൈകുന്നേരം ജോലി ചെയ്യുന്ന ഫാക്ടറിത്തൊഴിലാളികളായ സ്ത്രീകൾക്ക് പല അസുഖങ്ങളും വരുന്ന അതീവ ഗൗരവമായ കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഡി.ഡി. സി.യിലും ഈ വിഷയം ഞാൻ ഉന്നയിച്ചിരുന്നു. അന്ന് ഒന്നുരണ്ട് ഉദ്യോഗസ്ഥർ ഇക്കാര്യം പോയി പരിശോധിക്കുകയും ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന നിരവധി ഫാക്ടറികളിൽ വളരെ ചുരുക്കം ചിലയിടങ്ങളിലൊഴിച്ച് മറ്റെല്ലായിടത്തും അതീവ ദുരിതാവസ്ഥ നിലനിൽക്കുന്നു എന്നുള്ളത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. രാവിലെ മുതൽ വൈകുന്നേരം വരെ മണിക്കൂറുകൾ ഈ ഫാക്ടറിയുടെ അകത്ത് കശുവണ്ടി തല്ലാനും പ്രോസസിംഗിനുമായി ഇരിക്കുന്ന തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യപരമായ പ്രശ്നങ്ങൾ, ഭക്ഷണം കഴിക്കാൻപോലും മാർഗ്ഗമില്ലാത്ത അവസ്ഥ, ഇതെല്ലാം അങ്ങേയറ്റം ഗൗരവമായി കാണണം. ബാത്ത്റൂമിൽ പോകുന്നതിന് സൗകര്യമില്ലാത്ത അവസ്ഥ, ഭക്ഷണം കഴിക്കാൻ വൃത്തിയുള്ള സ്ഥലമില്ലാത്ത സ്ഥിതി, കുടിവെള്ളം കിട്ടാത്ത അവസ്ഥ ഇതെല്ലാം പരിഹരിക്കുന്നതിന് വളരെ ഗൗരവത്തോടുകൂടി ഈ പ്രശ്നത്തെ സമീപിക്കുകയും അടിയന്തരമായി ഒരു അന്വേഷണം നടത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 154 ഫാക്ടറികളിൽ ഇക്കാലയളവിൽ പരിശോധന നടത്തിയിട്ടുണ്ട്. ന്യൂനതകൾ എത്രയും വേഗം പരിഹരിക്കണമെന്നാവശ്യപ്പെട്ട് 120 ഫാക്ടറികൾക്ക് നോട്ടീസ് നൽകുകയുണ്ടായി. 73 ഫാക്ടറികൾ ഇത് പരിഹരിച്ചതായി കത്ത് നൽകിയെങ്കിലും പരിശോധിച്ചപ്പോൾ 30 എണ്ണത്തിൽ മാത്രമാണ് പരിഹാരമുണ്ടായതായി ബോദ്ധ്യമായത്. 43 എണ്ണത്തിന്റെ കാര്യത്തിൽ തുടരന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച പ്രതികരിക്കാത്ത 47 ഫാക്ടറികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകുമെന്ന നോട്ടീസയച്ചപ്പോൾ 40 ഫാക്ടറികൾ ഈ വിഷയം അടിയന്തരമായി പരിഹരിക്കാമെന്ന അറിയിപ്പ് നൽകിയിട്ടുണ്ട്. മറുപടിപോലും നൽകാത്ത 7 ഫാക്ടറി ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നമുക്ക് പരിമിതികളുണ്ട്. 800-ഓളം കശുവണ്ടി ഫാക്ടറികളാണുള്ളത്. കാഷ്യൂ ഇൻസ്പെക്ടറെ വച്ചുകൊണ്ട് എല്ലായിടത്തും പരിശോധിക്കാൻ കഴിയുന്നില്ലെന്ന വസ്തുതയുണ്ട്. തീർച്ചയായും ഏറ്റവും സംഘടിതമായ ട്രേഡ് യൂണിയനുകളുള്ള ഈ മേഖലയിൽ മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള ഇത്ര ദയനീയമായ സാഹചര്യം എന്തുകൊണ്ട് നിലനിൽക്കുന്നു എന്നുള്ളത് എല്ലാവരെയും ചിന്തിപ്പിക്കേണ്ടതാണ്. അധികാരപരിധിയിലുള്ള എല്ലാ നടപടിക്രമങ്ങളും കൈക്കൊണ്ടുകൊണ്ട് ഗവൺമെന്റ് ഇത്

പരിഹരിക്കാൻ പരിശ്രമിക്കുന്നതാണ്. ട്രേഡ് യൂണിനുകളുടെയെല്ലാം സഹകരണവും അതിന് ആവശ്യമാണ്.

## ചെക്ക്പോസ്റ്റുകളിൽ കെട്ടിക്കിടക്കുന്ന മാടുകളെ പരിശോധന നടത്തി കടത്തി വിടേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോസഫ് വാഴക്കൻ: സർ, എന്റെ നിയോജകമണ്ഡലത്തിലും അതിന് ചുറ്റുപാടുമുള്ള പുല്ലുവഴി, ആലുവ തുടങ്ങിയ പല പ്രദേശങ്ങളിലുമുള്ള കന്നുകാലി കച്ചവടക്കാർ അനുഭവിക്കുന്ന വലിയൊരു പ്രശ്നം ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കുളമ്പുരോഗവുമായി ബന്ധപ്പെട്ട് കേരളത്തിലേയ്ക്ക് കന്നുകാലികളെ കടത്തിവിടുന്നത് സർക്കാർ നിരോധിച്ചിരുന്നു. എന്നാൽ ക്രിസ്മസ്സിനോട് അനുബന്ധിച്ച് കേരളത്തിൽ ഇറച്ചി ലഭിക്കുന്നതിനായി ഒരാഴ്ചക്കാലത്തേയ്ക്ക് കന്നുകാലികളെ കടത്തിവിടുമെന്ന സർക്കാരിന്റെ അറിയിപ്പ് പത്രമാധ്യമങ്ങളിൽ വന്നതിനെ തുടർന്ന് കേരളത്തിലെ കച്ചവടക്കാർ പത്തു മുതൽ പന്ത്രണ്ട് ലക്ഷം രൂപ വരെ മുൻകൂർ പണം കൊടുത്ത് ആന്ധ്രാപ്രദേശിൽ നിന്നും അതുപോലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കൊണ്ടു വന്ന പോത്തും എരുമയുമുൾപ്പെടെയുള്ള മാടുകളെ കേരളത്തിന്റെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ കഴിഞ്ഞ ഒരു മാസക്കാലമായി തടഞ്ഞിട്ടിരിക്കുകയാണ്. തൊഴിലാളികളുടെ കൂലിയും കൂടാതെ മാടുകൾക്ക് വയ്ക്കോലും വെള്ളവുമായി ദിവസേന ഓരോ ലോഡിനും 3000 രൂപയോളം ചെലവ് അധികമായി വന്നുകൊണ്ടിരിക്കുകയാണ്. പോത്തിനും എരുമയ്ക്കും ഇതേവരെ കുളമ്പുരോഗം വന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നാണ് മന

സ്സിലാക്കുന്നത്. ആയതിനാൽ സർക്കാർ ഉറപ്പ് വിശ്വസിച്ച് മുൻകൂർ പണം നൽകി ചെക്ക്പോസ്റ്റിൽ എത്തിച്ചിരിക്കുന്ന കെട്ടിക്കിടക്കുന്ന മാടുകളെ മതിയായ പരിശോധന നടത്തി കടത്തിവിട്ട് ഈ കച്ചവടക്കാരെ രക്ഷിക്കണം. ആയിരക്കണക്കിന് തൊഴിലാളികളും ഈ നിരോധനം മൂലം വലിയ പ്രതിസന്ധി നേരിടുകയാണ്. എത്രയും വേഗം ഇതിനൊരു പ്രായോഗികമായ പരിഹാരം ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കേരളത്തിൽ വ്യാപകമായി പടർന്നുപിടിച്ച കുളമ്പുരോഗം നമ്മുടെ സംസ്ഥാനത്തെ ക്ഷീര രംഗത്തും അതോടൊപ്പം തന്നെ കന്നുകാലി സമ്പത്ത് കുറയുന്നതിനും കാരണമായിരിക്കുകയാണ്. അതിന്റെ പശ്ചാത്തലത്തിൽ കന്നുകാലികളെ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രതിരോധം ഉണ്ടാകുകയും അതോടൊപ്പംതന്നെ അതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇറച്ചിക്കാളകളെയും പോത്തുകളെയും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് നിരോധിക്കുകയും ചെയ്തിരുന്നു. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജോസഫ് വാഴക്കൻ ഇന്നലെയും കൂടാതെ സബ്മിഷനിൽ കൂടിയും കാര്യങ്ങൾ ഉന്നയിച്ചു. കൂടാതെ എം.എൽ.എ. മാരായ ശ്രീ. അൻവർ സാദത്ത്, ശ്രീ. സാജു പോൾ തുടങ്ങിയവർ ഇക്കാര്യം ഉന്നയിച്ച് ഇറച്ചിക്കച്ചവടക്കാർക്കും തൊഴിലാളികൾക്കുംവേണ്ടി അപേക്ഷകൾ എനിക്ക് തന്നിരുന്നു. സംസ്ഥാനത്ത് 2013 ഓഗസ്റ്റ് മാസം മുതൽ എല്ലാ ജില്ലകളിലും വ്യാപകമായി കുളമ്പ് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതുവരെയായി ആകെ 53000 കന്നുകാലികൾക്ക് രോഗം ബാധിച്ചിട്ടുണ്ട്. ഇതിൽ 4864 കന്നു

കാലികൾ മരണപ്പെട്ടിരുന്നു. മരണപ്പെട്ടവയിൽ 1547 പശുക്കളും 2396 കിടാങ്ങളും 82 പോത്തുകളും 259 പന്നികളും 152 ആടുകളും ഉൾപ്പെടുന്നു. അയൽ സംസ്ഥാനങ്ങളിൽ രോഗം അധികമായി വ്യാപിച്ചിരുന്നതിനാൽ അവിടെ നിന്നും കേരളത്തിലേയ്ക്ക് മൃഗങ്ങളെ കൊണ്ടുവരുന്നത് ഇവിടെ രോഗങ്ങൾ കൂടുതലായി വ്യാപിപ്പിക്കുവാൻ കാരണമാകും എന്ന വസ്തുതയെ അടിസ്ഥാനമാക്കി രോഗ പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ കൊണ്ടുവരുന്നത് നിരോധിച്ചത്. ഈ നിരോധനംമൂലം പുതിയതായി കൂടുതൽ മൃഗങ്ങൾക്ക് രോഗം ബാധിക്കുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം കർശനമായ പ്രവർത്തനങ്ങൾ മൂലം ഇപ്പോൾ സ്ഥിതി നിയന്ത്രണവിധേയമായിട്ടുണ്ടെങ്കിലും രോഗം പൂർണ്ണമായും മാറിയിട്ടില്ല. ക്രിസ്തുമസ്സിനോടനുബന്ധിച്ചു പോലും സർക്കാർ സ്വീകരിച്ച കർശന രോഗ പ്രതിരോധ നടപടികൾക്ക് അയവ് വരുത്താൻ നടപടി ഉണ്ടായിരുന്നില്ല. പകരം അയൽ സംസ്ഥാനങ്ങളിൽ രോഗങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ വച്ച് വെറ്ററിനറി ഡോക്ടർമാർ സർട്ടിഫൈ ചെയ്ത് രോഗം ഇല്ലെന്ന് ഉറപ്പു വരുത്തിയ മൃഗങ്ങളെ കശാപ്പു ചെയ്ത് ഇറച്ചിയാക്കി കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യക്ക് അനുവാദം നൽകുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. രോഗം പൂർണ്ണമായും നിയന്ത്രണവിധേയമായശേഷം മാത്രമേ ഏർപ്പെടുത്തിയിട്ടുള്ള നിരോധനം പിൻവലിക്കാൻ സാധ്യമാകുകയുള്ളു. രോഗത്തിന്റെ വ്യാപനം സംസ്ഥാനത്തെ പാലുല്പാദന മേഖലയെ കാര്യമായി ബാധിക്കുന്ന ഒന്നാകയാൽ ഇക്കാര്യത്തിൽ കർശനമായ നിയന്ത്രണം പാലിക്കേണ്ടതുമുണ്ട്. കുളമ്പു രോഗത്തിനുള്ള പ്രതിരോധ പ്രവർത്ത

ന നടപടികളും നിലവിലെ സ്ഥിതി വിവര റിപ്പോർട്ടുകളും ദിവസംതോറും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു വൈകുന്നേരം മൂന്നു മണിയോടുകൂടി റിപ്പോർട്ട് ലഭ്യമാക്കാൻ പറഞ്ഞിട്ടുണ്ട്. കുളമ്പു രോഗം കൂടുതലായതിനെക്കുറിച്ചും അതുപോലെ എന്ത് നടപടികൾ സ്വീകരിച്ചു എന്നതിനെക്കുറിച്ചും ഈ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റുകളിൽ ശക്തമായ പരിശോധന നടത്തിയതിനുശേഷം മാത്രം കേരളത്തിലേയ്ക്ക് കന്നുകാലികളെ കൊണ്ടുവരുന്നതിനുള്ള ഇളവ് നാളെമുതൽ അനുവദിക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് മാറ്റാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതാണ്.

## വളവന്നൂർ കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ

ശ്രീ. സി. മമ്മൂട്ടി : സർ, തിരൂരിലെ വളവന്നൂരിൽ കെ.എസ്.ഇ.ബി.യുടെ ഒരു സബ് സ്റ്റേഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനൊരു സ്ഥലം അനുവദിക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും 40 സെന്റ് സ്ഥലവും ലഭ്യമാക്കിയിട്ടുണ്ട്. ദൈവം കനിഞ്ഞിട്ടും പൂജാരി കനിയുന്നില്ല എന്നു പറഞ്ഞതുപോലെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് 40 സെന്റ് സ്ഥലം വിട്ടുകൊടുക്കാനും കെ.എസ്.ഇ.ബി. അവിടെ സബ് സ്റ്റേഷൻ സ്ഥാപിക്കാനും തീരുമാനിച്ചു. പക്ഷേ, നടപടിക്രമങ്ങളുടെ നൂലാമാലകളിൽപ്പെട്ട് താഴെത്തട്ടിലുള്ള വില്ലേജ് ഓഫീസറുടെ അടുത്ത് ഒന്നര വർഷമായി നിരന്തരം പോകുന്നു, ഫയലിനുമുകളിൽ ഫയലുകളായി കെട്ടിക്കിടക്കുകയാണ്. സർക്കാർ വകുപ്പുകൾ അങ്ങോട്ടുമിങ്ങോട്ടും സ്ഥലം കൈമാറുന്നതിനുപോലും ഇത്രയും ഡിലേ വരുത്തുന്നത് സമയ താമസം ഉണ്ടാകാൻ

കാരണമാകും. അതോടുകൂടി ഒരു വർഷംമുമ്പ് എ.എസ്. കൊടുത്തതിന്റെ എസ്റ്റിമേറ്റ് തുക വീണ്ടും റിവൈസ് ചെയ്യേണ്ടി വരുമ്പോൾ അതിന്റെ തുക വീണ്ടും കൂടും. ഇത് നടപ്പാക്കുമ്പോൾ വരുന്ന കാലതാമസവും എല്ലാം കൂടി നഷ്ടം വരികയാണ്. സർക്കാർ തലത്തിലുള്ള ഭൂമിയെങ്കിലും കൈമാറ്റം ചെയ്യുന്നതിന് ഒരു ബുക്ക് അഡ്ജസ്റ്റുമെന്റ് പോലെ പരസ്പരം കൈമാറാൻ നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥി ക്കാനുള്ളത് ജനറലായിത്തന്നെ സർക്കാർ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാ റുന്നതിനുള്ള നിയമം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണ മെന്നും ഇപ്പോഴും താഴെ തലത്തിൽ ആറോ ഏഴോ ആധാരം പരിശോധിച്ച് എത്ര ഉറുപ്പികക്ക് രജിസ്ട്രേഷൻ നടന്നു എന്ന കണക്ക് പരിശോധിച്ച് അതനു സരിച്ച് കണക്കെഴുതി മേലോട്ട് വന്നതിനുശേഷംമാത്രമാണ് ഇത് പരിശോധി ക്കാൻപോലും കഴിയുന്നത്. ഇതൊക്കെ പണ്ടുമുതലുള്ള നിയമമാണ്. സർക്കാർ തലത്തിലുള്ള ഭൂമികൈമാറ്റങ്ങൾ ഇതേ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതുകൊണ്ടുള്ള കാലതാമസം ഒഴിവാക്കാനും ഈ വിഷയ ത്തിൽ ഇപ്പോൾ എല്ലാ നടപടികളും പൂർത്തിയായ സാഹചര്യത്തിൽ റവന്യൂ വകുപ്പ് ഒരു നിർദ്ദേശം കൊടുത്തു കഴിഞ്ഞാൽ അതനുസരിച്ച് പ്രൊപ്പോസ ലായി പെട്ടെന്ന് ഭൂമി കൈമാറാനും സാധിക്കും. അതുപോലെതന്നെ സബ്സ്റ്റേഷൻ എത്രയും പെട്ടെന്ന് ആരംഭിക്കാനും കഴിയും. അതുകൊണ്ട് ഇങ്ങനെയുള്ള ഒരു നടപടിക്രമം പെട്ടെന്ന് പൂർത്തിയാക്കി ആ സ്ഥലം കൈമാറാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വളവന്നൂർ കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ

റവന്യുവും കയറും വകുപ്പുമന്ത്രി, (ശ്രീ. അടൂർ പ്രകാശ്) : സർ, മലപ്പുറം ജില്ലയിലെ തിരൂരിലെ വളവന്നൂരിൽ കെ.എസ്.ഇ.ബി.ക്ക് ട്രാൻസ്മിഷൻ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി വിട്ടു കിട്ടുന്നതിനായി ആവശ്യപ്പെട്ടിരിക്കുന്നത് തിരൂർ താലൂക്ക് വളവന്നൂർ വില്ലേജ് സർവെ നം. 122/4ബി-യിൽപ്പെട്ട 90 സെന്റ് സ്ഥലത്തുനിന്ന് 40 സെന്റ് ഭൂമിയാണ്. പ്രസ്തുത ഭൂമി കെ.എസ്.ഇ.ബി.-ക്ക് കൈമാറി നൽകുന്നതിന് സമ്മതമാണെന്ന് നികുതി വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി സർക്കാരിന്റെ സേവന വകുപ്പല്ലാത്തതിനാൽ കെ.എൽ.എ. റൂൾ പ്രകാരം ഈ വിഷയം സംബന്ധിച്ച് പൂർണ്ണമായ ഔപചാരിക ഭൂമി കൈമാറ്റ ശുപാർശ ലഭ്യമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടരിക്കുകയാണ്. പ്രസ്തുത ഭൂമി കൈമാറ്റ ശുപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്.

## മാടക്കാൽ തൂക്കുപാലം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ദുരന്തനിവാരണ ഫണ്ടുപയോഗിച്ച് കേരളത്തിൽ 32 തൂക്കുപാലങ്ങൾ അനുവദിച്ചിരുന്നു. അതിൽ രണ്ടു തൂക്കുപാലങ്ങൾ എന്റെ മണ്ഡലത്തിലാണ്. ദ്വീപ് പഞ്ചായത്തായ വലിയ പറമ്പിലാണ് രണ്ടു പാലങ്ങളും. ഈ ദ്വീപുകളെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പാലങ്ങൾ നിർമ്മിച്ചത്. മാടക്കാൽ എന്നു പറയുന്ന പ്രദേശത്ത് 3 കോടി 97 ലക്ഷം രൂപ ചെലവിട്ട് 320 മീറ്റർ നീളമുള്ള (കേരളത്തിൽ മാത്രമല്ല സൗത്ത് ഇൻഡ്യയിലെ തന്നെ ഏറ്റവും നീളമുള്ള പാലം) പാലം നിർമ്മിച്ചു. അതിന്റെ തറക്കല്ലിടൽ 2011-ൽ മുൻമന്ത്രിയായിരുന്ന ശ്രീ. എസ്.

രാജേന്ദ്രനും അതിന്റെ ഉദ്ഘാടനം 2013, ഏപ്രിൽ മാസം 29-ന് റവന്യൂ മന്ത്രിയായ ശ്രീ. അടൂർ പ്രകാശുമാണ് നിർവ്വഹിച്ചത്. എന്നാൽ രണ്ടു മാസം തികയുന്നിനുമുമ്പ് ജൂൺ മാസം 27-ാം തീയതി ആ പാലം തകർന്നു വീണു. (പത്രം എടുത്തുകാണിച്ചു) വളരെ സുന്ദരമായിട്ടുള്ള പാലമാണ്. പക്ഷേ, രണ്ടുമാസം തികയുന്നതിനുമുമ്പ് തകർന്നു വീണു. അതിനിടയിൽ ഒരുലക്ഷ ത്തിലേറെ ആളുകൾ ആ പാലത്തിന്റെ മനോഹാരിത മനസ്സിലാക്കിക്കൊണ്ട് അത് സന്ദർശിക്കുവാൻവേണ്ടി പാലത്തിൽ കൂടി പോയിരുന്നു. അങ്ങനെ യെല്ലാം നോക്കുമ്പോൾ അതൊരു പ്രധാനപ്പെട്ട പാലമാണ്. ആ പാലംപണി നടത്തിയതിലുള്ള കെടുകാര്യസ്ഥതയാണ് ആ പാലം തകർന്നു വീഴാൻ ഇടയായിട്ടുള്ളതെന്നാണ് ഇപ്പോൾ അന്വേഷണ സംഘം കണ്ടെത്തിയിട്ടുള്ളത്. അതുപോലെ വിജിലൻസ് അന്വേഷണവും നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ നിർമ്മാണം ഏറ്റെടുത്തത് നമ്മുടെ ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞാലി ക്കുട്ടി സാഹിബിന്റെ വകുപ്പിലെ കെൽ ആണ്. അതിൽ ഉണ്ടായിട്ടുള്ള കെടു കാര്യസ്ഥതയാണ് അതിന്റെ തകർച്ചക്ക് ഇടയാക്കിയിട്ടുള്ളതെന്നാണ് അത് സംബന്ധിച്ച് വന്ന റിപ്പോർട്ട്. ആ ദ്വീപിലുള്ള ആളുകൾ മുഴുവൻ കടന്നു വരണമെങ്കിൽ 300-350 മീറ്റർ കടവുതോണിയിലൂടെ വരണം. ഇതിനിടെ അവിടെ കടവുതോണി മറിഞ്ഞു. പത്തിരുപതോളം മുസ്ലീം സ്ത്രീകളും കുട്ടികളും ഭാഗ്യത്തിനാണ് രക്ഷപ്പെട്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്... പ്ലീസ്...

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ പാലം അടിയന്തരമായിട്ടും പുനർ നിർമ്മിക്കണം. ഈ മാസം നാലാം തീയതി ഇതുസംബന്ധിച്ച് ഒരു കോൺഫറൻസ് കളക്ട്രേറ്റിൽ

നടന്നിരുന്നു. അതിന് എം.ഡി വന്നിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ സംസാരത്തിൽ അടുത്തെങ്ങും പാലത്തിന്റെ പുനർ നിർമ്മാണം നടത്താൻ കഴിയില്ല എന്നൊരു തോന്നലാണ് ഉണ്ടായത്. അതാണ് ഒരു സ്ഥിതി വിശേഷം. ശമ്പളംപോലും കൊടുക്കാൻ വകയില്ലാത്ത ഒരു പഞ്ചായത്താണത്. ഏതാണ്ട് ലക്ഷക്കണക്കിന് രൂപ അതിനാവശ്യമാണ്. അതുകൊണ്ട് ഞങ്ങൾക്ക് പറയുവാനുള്ളത് പാലംപണി പൂർത്തീകരിക്കുന്നതുവരെ അതിന്റെ മുഴുവൻ ചെലവും ആരാണോ പാലം തകർച്ചയ്ക്ക് ഉത്തരവാദിയായത് ആ കമ്പനി (കെൽ) നിർവ്വഹിക്കണമെന്നുള്ളതാണ്. അവിടെ നടന്ന ചർച്ചയുടെ ഭാഗമായി ഒരു ബോട്ട് വാങ്ങിച്ചുകൊടുക്കാനുള്ള തീരുമാനം ആയിട്ടുണ്ട്. അതുകൊണ്ട് അടിയന്തരമായിട്ടും ആ പാലം പണി പൂർത്തീകരിക്കണം. മാത്രമല്ല ഈ നിർമ്മാണത്തിൽ കാണിച്ച അഴിമതിയും കെടുകാര്യസ്ഥതയും സംബന്ധിച്ച് ശക്തമായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണം. പാലം തകർന്നപ്പോൾ രണ്ടുപേർക്ക് ഗുരുതരമായ പരുക്ക് പറ്റി. വളരെ നിസ്സാരമായ 15000 രൂപയാണ് സഹായധനമായി നൽകിയത്. രണ്ടുമാസം ആ രോഗി ആശുപത്രിയിൽ കിടന്നു. വളരെ പരിമിതമായിട്ടുള്ള കാശാണ് കൊടുത്തത്. അതുകൊണ്ട് അവർക്ക് കൂടുതൽ സംഖ്യ അനുവദിക്കണം എന്നാണ് ഇത് സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2010-ൽ മലപ്പുറത്ത് വള്ളം മറിഞ്ഞ് 8 സ്കൂൾ കുട്ടികൾ മരണമടഞ്ഞതിന്റെ വെളിച്ചത്തിൽ കേരളത്തിലെ സ്കൂൾ കുട്ടികളുപയോഗിക്കുന്ന മുപ്പതോളം കടവുകളിൽ വിവിധ തരത്തിലുള്ള പാലങ്ങൾ സ്ഥാപിക്കുന്നതിന് കെൽ-നെ ചുമതലപ്പെടുത്തിയിരുന്നു. കാസർകോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമ

പഞ്ചായത്ത് കായലിനാലും കടലിനാലും ചുറ്റപ്പെട്ട ദ്വീപാണ്. പ്രസ്തുത ദ്വീപിൽനിന്നും സ്കൂളിലേയ്ക്കുള്ള കുട്ടികളുടെ യാത്ര വള്ളങ്ങളിലായിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റേയും ജില്ലാ ഭരണകൂടത്തിന്റേയും ശുപാർശ കണക്കിലെടുത്ത് മാടക്കാൽ ദ്വീപിനേയും വടക്കേവെളപ്പ് എന്ന സ്ഥലത്തേയും ബന്ധപ്പെടുത്തി ഒരു തൂക്കുപാലം നിർമ്മിക്കാനായിരുന്നു കെൽ-ന് അനുമതി നൽകിയത്. 235 മീറ്റർ നീളമുള്ള മാടക്കാൽ തൂക്കുപാലത്തിന്റെ ഉദ്ഘാടനം 2013 ഏപ്രിൽ 29-ന് നടത്തി. 27-06-2013-ന് പ്രസ്തുത പാലം തകരുകയുണ്ടായി. തിരുവന്തപുരം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന സാങ്കേതിക സ്ഥാപനത്തെ സർക്കാർ അന്വേഷണം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ട് 23-11-2013-ന് സർക്കാരിന് ലഭിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, കെൽ-ന്റെ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി 19-12-2013-ൽ വിശദമായ ചർച്ച നടത്തി. ഇക്കാര്യത്തിലുള്ള തുടർ നടപടി സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്നു. പാലം പുനർനിർമ്മിക്കുന്ന കാര്യം ഇതിനുശേഷം പരിഗണിക്കുന്നതാണ്. ഇതിനുപുറമെ മാടക്കാലിലെ യാത്രാ സൗകര്യത്തിനായി 25 മുതൽ 30 ആളുകൾക്കുവരെ സഞ്ചരിക്കാവുന്ന ബോട്ട് വാങ്ങി നൽകുന്നതിന് കെൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

( today

<u>നിലത്തെഴുത്ത് ആശാന്മാരുടെ പെൻഷനും ഗ്രാന്റും</u>

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിൽ ഇന്നും അവശേഷിക്കുന്ന ആയിരക്കണക്കിന് വരുന്ന നിലത്തെഴുത്താശാന്മാർക്ക് 1987–ൽ നയനാർ ഗവൺമെന്റിന്റെ കാലത്ത് ആദ്യമായി 50 രൂപ ഗ്രാന്റ് നൽകാൻ തീരുമാനിച്ചു. പിന്നീടത് 200 രൂപയായും അതിനുശേഷം 250 രൂപയായും വർദ്ധിപ്പിച്ചു. ഇപ്പോൾ ഡോ. എം.കെ. മുനീർ ഈ ഗ്രാന്റ് 500 രൂപയായി പ്രഖ്യാപിച്ചു. അതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിച്ചിട്ടുള്ളതാണ്, എന്നാലും ഒരിക്കൽകൂടി അഭിനന്ദിക്കുന്നു. ശ്രീ. പി.കെ. ഗുരുദാസൻ മന്ത്രിയായിരുന്ന സമയത്ത് നിലത്തെഴുത്ത് ആശാന്മാരെ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തണ മെന്ന് ഞങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഇവരെ സാമൂഹ്യക്ഷേമ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തി. അങ്ങനെ ഈ രണ്ട് ആനുകൂല്യങ്ങളും ലഭിക്കുന്നു ണ്ടെങ്കിലും ധാരാളം പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാ ന്മാരും കോർപ്പറേഷൻ ഭാരാവാഹികളും ഇത് കൊടുക്കാൻ തയ്യാറല്ല. ചിലർ 60 വയസ്സുകഴിഞ്ഞാൽ കൊടുക്കില്ല. ഇത് ഗവൺമെന്റ് ഉദ്യോഗമല്ല. 60 വയ സ്സുകഴിഞ്ഞാലും ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നതിന് തടസ്സമില്ല. അവർക്ക് അവരുടേതായ ജോലികൾ ചെയ്യാം. അതുകൊണ്ട് 60 വയസ്സ് കഴിഞ്ഞാലും അവർ പള്ളിക്കൂടം നടത്തുന്നുണ്ടെങ്കിൽ ഗ്രാന്റും പെൻഷനും നൽകണം. ഗ്രാന്റ് തടസ്സപ്പെടുത്തിയിട്ടുള്ള എല്ലാ ലോക്കൽ ബോഡീസ് ഭാരവാഹികളിൽനിന്നും വിശദീകരണം ആവശ്യപ്പെടുന്നതോ ടൊപ്പം കുടിശ്ശിക സഹിതം ഗ്രാന്റ് നൽകണമെന്നുകൂടി അങ്ങ് നിർദ്ദേശിക്ക ണമെന്നും അഭ്യർത്ഥിക്കുന്നു. ഗ്രാന്റ് കൊടുക്കാനുള്ള ഗവൺമെന്റ് തീരുമാനം അംഗീകരിക്കാതെ പ്ലാൻ ഫണ്ട് വാങ്ങി തന്നിഷ്ടപ്രകാരം

പ്രവർത്തിക്കുന്ന പഞ്ചായത്ത് ഭാരവാഹികളുടെപേരിൽ ആവശ്യമായ നടപടികൾ ഉണ്ടാകണം. തിരുത്താത്തവരുടെപേരിൽ നടപടിയെടുക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. ഏതാണ്ട് ഏഴായിരത്തോളം ആളുകളുണ്ട്. അതുപോലെ തന്നെ കുടിപ്പള്ളിക്കൂടങ്ങളിലെ 6 വയസ്സിനുതാഴെയുള്ള കുഞ്ഞുങ്ങളെ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷെ മിക്ക പഞ്ചായത്തുകളും ഇത് കൊടുക്കുന്നില്ല. അപ്പോൾ എല്ലാം ഒരു ആധുനിക വത്ക്കരണം, അതായത് പരമ്പരാഗതമായ സംസ്ക്കാരത്തെയൊക്കെ മാറ്റിവച്ചിട്ട് ഇപ്പോഴുള്ള പ്ലേസ്കൂൾ തുടങ്ങി ഇംഗ്ലീഷ് മീഡിയം രൂപത്തിൽ നടത്തുന്ന സ്ഥാപനങ്ങൾക്കുമാത്രമെ ഇത് കൊടുക്കുന്നുള്ളൂ. അവർക്ക് കൊടുക്കണ്ട എന്നല്ല ഞാൻ പറയുന്നത്. ഇത് പഞ്ചായത്ത്‌രാജിന്റേയും നഗരപാലികയുടേയും നിർദ്ദേശത്തിന് വിരുദ്ധമാണ്. അവസാനം കിടക്കുന്നവനെ ആദ്യം പരിഗണിക്കണമെന്നുള്ളതാണ് പഞ്ചായത്തിരാജ് നിയമത്തിൽ പറയുന്നത്. അവസാനം കിടക്കുന്നവനെ നോക്കുകപോലുമില്ല എന്നുള്ള രീതി തിരുത്തണം. അങ്ങ് അതിനെതിരെ ശക്തമായ നടപടിയെടുക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ മുനീർ): സർ, ബഹുമാനപ്പെട്ട മെമ്പർതന്നെ നിയമസഭയിൽകൊണ്ടുവന്ന ഒരു സബ്മിഷന്റെ ഭാഗമായിട്ടാണ് ഗ്രാന്റ് 500 രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത്. ഏകദേശം 1638 നിലത്തെഴുത്താശാന്മാരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൃത്യമായ കണക്കുകൾ പരിശോധനയിലൂടെ മാത്രമെ അറിയാൻ കഴിയൂ. കുടിപ്പള്ളിക്കൂടത്തിന്റെ പ്രവർത്തനത്തിന് ഗ്രാന്റ് നൽകുന്നതിൽ വീഴ്ച വരുത്തുന്ന കാര്യം ഈ സബ്മിഷനിലൂടെയാണ്

മനസ്സിലാക്കുന്നത്. ഗ്രാന്റ് കൃത്യമായി നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അത് നൽകാത്ത പഞ്ചായത്തുകൾക്ക് ഇതിനനുസൃതമായി മാത്രമേ ഗവൺമെന്റ് ഗ്രാന്റ് നൽകുകയുമുള്ളൂ. കാരണം ഗവൺമെന്റ് ഗ്രാന്റ് കൃത്യമായി വാങ്ങുകയും എന്നാൽ ഗവൺമെന്റ് നിർദ്ദേശിക്കുന്ന ഗ്രാന്റുകൾ കൊടുക്കാതിരിക്കുകയും ചെയ്യുന്നതിനെ വളരെ ഗൗരവമായി കാണുമെന്ന് പറയുകയാണ്. നിലത്തെഴുത്ത് കളരിയിലെ കുട്ടികൾക്ക് നിലത്തെഴുത്ത് കളരികൾ വഴി അനുപൂരക പോഷകാഹാരം നൽകുന്നതിന് സംസ്ഥാന സർക്കാരിന്റേയോ അല്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയോ ഫണ്ട് ഉപയോഗിക്കുന്ന കാര്യംകൂടി പരിഗണിക്കുന്നതാണ്.

## സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയാക്കി ഉയർത്തിയിട്ട് 5 വർഷമായി. ഇന്നേവരെയും ബോർഡിലെ പേര് മാറ്റിയതൊഴിച്ചാൽ ഒരു മാറ്റവും ഈ താലൂക്കാശുപത്രി യിൽ ഉണ്ടായിട്ടില്ല. 06–11–2008– ലെ ജി. ഒ. (എം.എസ്) നം. 568/08 ഉത്തര വുപ്രകാരമാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയത്. താലൂക്കാശുപത്രിയാക്കി ഉയർത്തിയപ്പോൾ അടിസ്ഥാന സൗകര്യങ്ങളിലോ ജീവനക്കാരുടെ എണ്ണത്തിലോ യാതൊരു വർദ്ധനവും ഇതുവരെ ഉണ്ടായിട്ടില്ല. മലപ്പുറം ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയിൽ ആയിരത്തിൽപ്പരം രോഗികളാണ് ഓരോ ദിവസവും ഒ.പി.–യിൽ വരുന്നത്. 116 കിടക്കകളാണ് ആശുപത്രിയിലുള്ളത്. താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 22 ഡോക്ടർമാരും 25 സ്റ്റാഫ് നഴ്സുമാരും ആവശ്യമാണ്. ഇതിനുപകരം ഇവിടെ സൂപ്രണ്ട്

ഉൾപ്പെടെ 12 ഡോക്ടർമാരും 13 നഴ്സുമാരുമാണുള്ളത്. അതിൽത്തന്നെ സൂപ്രണ്ടിനെ ഇപ്പോൾ സ്ഥലം മാറ്റിയിരിക്കുകയാണ്. എക്സ്റേ, ലാബ്, ഫാർമസി എന്നിവയിൽ ഓരോ ജീവനക്കാർ മാത്രമുള്ളതിനാൽ ഉച്ചവരെ മാത്രമാണ് ആകെ വർക്ക് ചെയ്യുന്നത്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറി ല്ലാത്ത ഏക താലൂക്കാശുപത്രിയാണ് മലപ്പുറത്തുള്ളത്. നഴ്സിംഗ് സൂപ്രണ്ടിന്റെ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. മലപ്പുറം താലൂക്കാശു പത്രിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രിക്ക് നേരിട്ട് അറിയാവുന്നതാണ്. ഒന്നുരണ്ടു തവണ ആരോഗ്യ വകുപ്പു മന്ത്രി ആശുപത്രി സന്ദർശിക്കുകയും അവിടത്തെ ശോചനീയാവസ്ഥ നേരിട്ട് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മലപ്പുറത്ത് അദാ ലത്ത് നടത്തി, മന്ത്രിമാർ അദാലത്ത് നടത്തുമ്പോൾ നമ്മൾ ധരിക്കുന്നത്, അദാലത്ത് നടത്തിയാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നാണ്. അദാലത്ത് നടത്തി അദാലത്തിൽവച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചത് മലപ്പുറം താലൂക്കാശുപത്രിയിൽ അടിയന്തരമായി സ്റ്റാഫിനെ നിയമിക്കും എന്നാണ്. അദാലത്ത് നടത്തി 6 മാസം കഴിഞ്ഞിട്ടും ഇതിനുവേണ്ടി യാതൊരു നീക്കവും ഉണ്ടായില്ല. ഇതിന് സാമ്പത്തിക തടസ്സമാണ് പറയു ന്നത്. ഇവിടെ നമ്മൾ മേളകളും ആഘോഷങ്ങളുമൊക്കെ നടത്തുന്നു. പണം ധൂർത്തടിച്ച് പല മേളകളും ആഘോഷങ്ങളും ഗവൺമെന്റ് നേരിട്ട് നടത്തുന്നു ണ്ടെങ്കിൽപ്പോലും പാവപ്പെട്ട ആളുകൾ ചികിത്സയ്ക്കെത്തുന്ന ആശുപത്രി യിൽ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കാൻ പണമില്ലെന്ന വാദം ഉയർത്തുന്നത് ഒട്ടും ശരിയല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്.

'കാരുണ്യ ബെനവലന്റ് സ്കീം' നടത്തി പാവങ്ങളെ സഹായിക്കുന്ന വലിയൊരു പദ്ധതിക്ക് നേതൃത്വം കൊടുക്കുന്ന മന്ത്രിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. ട്രെയിനിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും പാതി രാത്രി ഏതെങ്കിലും സ്റ്റേഷനിൽ എത്തുമ്പോൾ ഉണർന്നാൽപോലും ബഹുമാനപ്പെട്ട മാണിസാറുടെ കാരുണ്യ ബെനവലന്റ് സ്കീമിനെക്കുറിച്ചുള്ള അനൗൺസ്മെന്റാണ് കേൾക്കുന്നത്. അങ്ങനെ പാവങ്ങളെ സ്നേഹിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പാവങ്ങൾ ചികിത്സയ്ക്കെത്തുന്ന ഈ ആശുപത്രിക്ക് ആവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നതിന് അനുകൂലമായ തീരുമാനം എടുക്കണമെന്ന് അപേക്ഷിക്കാൻ കൂടി ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. അനന്തമായി നീട്ടിക്കൊണ്ടുപോകാതെ ഫയലിൽ എത്രയുംവേഗം അനുകൂലമായ തീരുമാനമെടുത്ത് ........

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........... മൂന്നു മിനിറ്റ് കഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ചെറുതായി കാണേണ്ട വിഷയമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ താലൂക്കാശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുമെന്ന് പറഞ്ഞതാണ്. ഇതുവരെ നടപടിയില്ലാത്തതുകൊണ്ട് ദിവസേന പത്രകോളങ്ങളിൽ ഇതിനെക്കുറിച്ചുള്ള വാർത്തകൾ സ്ഥാനം പിടിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ ധനകാര്യ വകുപ്പിൽ പെൻഡിംഗിലുള്ള 1054/17/എച്ച്. എൻ/ബി1/13-ാം നമ്പർ ഫയലിന്മേൽ അടിയന്തരമായി നടപടിയുണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി 5 വർഷങ്ങൾക്കുമുമ്പാണ് സി.എച്ച്.സി. താലൂക്ക് ആശുപത്രി യായി ഉയർത്തിയത്. 116 കിടക്കകളുള്ള ആശുപത്രിയാണ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി. അവിടെ ഒരു ദിവസത്തെ ഒ.പി.-യിൽ ശരാശരി 500 മുതൽ 1000 വരേയും ഐ.പി. 100 മുതൽ 130 വരെയുമാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, സൂപ്രണ്ട് ഉൾപ്പെടെ 12 ഡോക്ടർമാരും അതോടൊപ്പം എൻ.ആർ.എച്ച്.എം. സ്കീം വഴി 4 ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. 18 നേഴ്സുമാരും അവിടെ സേവനം അനുഷ്ഠിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറേയധികം സി.എച്ച്. സി.-കളെ താലൂക്ക് ആശുപത്രികളാക്കി ഉയർത്തിയിരുന്നു. എന്നാൽ അവിടെ ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കാത്തൊരു സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയുള്ള ആശുപത്രികളെ സംബന്ധിക്കുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡി.എച്ച്.എസ്.-ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുപരിയായി അത്യാഹിത വിഭാഗമില്ലാത്ത 32 ഓളം വരുന്ന താലൂക്ക് ആശുപത്രികളിൽ അത്യാഹിത വിഭാഗം തുടങ്ങുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. ഇവിടെയും സ്വാഭാവികമായി ആ പദ്ധതി നിലവിൽ വരുമ്പോൾ അത്യാഹിത വിഭാഗം ഈ ആശുപത്രിയിൽ അനുവദിക്കുന്നതാണ്. താലൂക്ക് ആശുപത്രിക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലാണ്. തീർച്ചയായും അടുത്ത

സാമ്പത്തിക വർഷം ഈ ആശുപത്രിയ്ക്ക് താലൂക്ക് ആശുപത്രിക്ക് വേണ്ടുന്ന സ്റ്റാഫ് പാറ്റേൺ അനുവദിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

## മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

ശ്രീ. പി.കെ. ഗുരുദാസൻ: സർ, എന്റെ നിയോജക മണ്ഡലമായ കൊല്ലത്ത് വാടി കടപ്പുറത്ത് ഒന്നാം തീയതി രാത്രി ഒരു വലിയ തീപിടിത്തമുണ്ടായി. അതിന്റെ ഫലമായി മത്സ്യത്തൊഴിലാളികളുടെ 9 കൂടങ്ങൾ തീപിടിച്ച് നശിക്കുകയുണ്ടായി. അതുപോലെ 10 ലക്ഷം രൂപ വില വരുന്ന 2 ചൂടൻ വലകളും 40 സാധാരണ വലകളും 4 എഞ്ചിനുകളും കൂടത്തിനകത്തുണ്ടായിരുന്ന എല്ലാ മത്സ്യബന്ധന ഉപകരണങ്ങളും തീപിടിച്ച് നശിക്കുകയുണ്ടായി. അവർക്ക് ഭീമമായ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. 40-ലധികം തൊഴിലാളികളുടെ എല്ലാ മത്സ്യബന്ധന ഉപകരണങ്ങളും നശിച്ചുപോയി. ഈ സംഭവം നടന്ന സമയത്തുതന്നെ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പു മന്ത്രിയെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ അവർക്ക് സാമ്പത്തിക സഹായം നൽകാനുള്ള വകുപ്പില്ലെന്നാണ് മറുപടി പറഞ്ഞത്. പക്ഷെ നമ്മുടെ നിയമത്തിൽ മനുഷ്യന് ആവശ്യമായിട്ടുള്ള വ്യവസ്ഥകളുണ്ടാകണം. മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ നശിക്കുകയും അവരുടെ തൊഴിൽ പൂർണ്ണമായും സ്തംഭിച്ചിരിക്കുകയുമാണ്. കുറേയധികം തൊഴിലാളികൾക്ക് പരിക്കുപറ്റി. അതിൽ നെൽസൺ, ഫ്രെഡ്ഡി എന്നീ രണ്ടു തൊഴിലാളികൾ ഇപ്പോഴും ആശുപത്രിയിലാണ്. അതിനടുത്ത ചായക്കടയിൽ ജോലിചെയ്യുന്ന സുധാകരൻ എന്നുപറയുന്ന ഒരാളുണ്ട്. ഈ സംഭവം കണ്ട് ഓടിയെത്തിയ

അയാൾ തീപ്പൊള്ളലേറ്റ് ആദ്യം  കൈപ്പത്തി നഷ്ടപ്പെടുകയും പിന്നീട് മെഡിക്കൽ കോളേജിൽവച്ച് മരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബത്തിന് 5 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കണം. അവരുടെ തൊഴിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ നഷ്ടപ്പെട്ട ഉപകരണങ്ങൾ തിരിച്ച് നൽകുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം മത്സ്യഫെഡ് വഴിയോ മറ്റ് ഏതെങ്കിലും സംവിധാനത്തിൽ ചെയ്തുകൊടുക്കണം. അവിടെ നടന്ന തീപിടിത്തത്തിൽ ഷെഡ്ഡുകളും കുറേയധികം പാത്രങ്ങളും നശിച്ചുപോയിട്ടു ണ്ട്. അതുപോലെത്തന്നെ മറ്റ് സാധനങ്ങളായ കൊട്ട, വള്ളത്തിൽ പോകു മ്പോൾ ഉപയോഗിക്കുന്ന വടം, നങ്കൂരം തുടങ്ങിയവയെല്ലാം നശിച്ചുപോയി. ഇതിനെല്ലാം നഷ്ടപരിഹാരം കൊടുക്കണം. ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയുമായി ഫോൺമുഖേന ബന്ധപ്പെട്ടപ്പോൾ അനുകൂലമായ മറുപടിയാണ് നൽകിയതെങ്കിലും ഈക്കാര്യത്തിൽ ആവശ്യമായ ചട്ടങ്ങളു ണ്ടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നെങ്കിലും സാമ്പത്തിക സഹായം നൽകാനും വിശിഷ്യ മരിച്ചുപോയ സുധാകരന്റെ കുടുംബത്തിന് 5 ലക്ഷം രൂപ നൽകാനും – അദ്ദേഹം കരുനാഗപ്പള്ളിയിലെ ഒരു കശുവണ്ടി ത്തൊഴിലാളി കുടുംബത്തിൽപ്പെട്ട 60 വയസ്സായ ആളാണെങ്കിലും അയാൾക്ക് ജീവിക്കാൻ ഗത്യന്തരമില്ലാതെ ഒരു ചായക്കടയിൽ പണിയെടുക്കുന്ന ആളാ ണ്. അപ്പോൾ ആ നിലയ്ക്ക് സാമ്പത്തിക സഹായം  സുധാകരന്റെ കുടുംബ ത്തിന് നൽകണം, കൂടാതെ അവിടെയുണ്ടായ 70 ലക്ഷം രൂപയുടെ നഷ്ട ത്തിന് പരിഹാരം നൽകാൻ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്ക ണമെന്നാണ് എന്റെ അഭ്യർത്ഥന.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കൊല്ലം മത്സ്യഭവന് കീഴിൽ വരുന്ന വാടി മത്സ്യഗ്രാമ പരിധിയിൽ ഒരു തീപിടിത്തമുണ്ടാകുകയും വലിയ നാശനഷ്ടങ്ങളുണ്ടാകുകയും സുധാകരൻ എന്ന ആൾ മരിക്കുകയും നെൽസൺ എന്ന ആളുടെ വലതുകൈയ്ക്ക് പൊള്ളലേൽക്കുകയും ചെയ്ത സംഭവമുണ്ടായിട്ടുണ്ട്. ഇതിലെ പ്രശ്നം, മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങളുണ്ടാകുമ്പോൾ നഷ്ടപരിഹാരം കൊടുക്കാനാണ് വ്യവസ്ഥയുള്ളത്. ഇതിനെ നാച്വറൽ കലാമിറ്റിയിൽ ഉൾപ്പെടുത്താനും വ്യവസ്ഥയില്ല. തീപിടിത്തം പ്രകൃതി ദുരന്തത്തിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ മത്സ്യബന്ധന വകുപ്പിന് നഷ്ടപരിഹാരം കൊടുക്കാൻ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് പ്രായോഗികമല്ല. എന്നാൽ, നഷ്ടമുണ്ടായി എന്നത് ഒരു വസ്തുതയുമാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ കാര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരിച്ചയാൾക്ക് ധനസഹായം നൽകാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എന്നാൽ 5 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുമോയെന്നുള്ളതിനെക്കുറിച്ച് എനിക്ക് സംശയമുണ്ട്. എന്നാലും സാധാരണ ഇതുപോലുണ്ടാകുന്ന അപകടങ്ങൾക്ക് കൊടുക്കുന്ന നഷ്ടപരിഹാരം മരണപ്പെട്ട ആളുടെ കാര്യത്തിൽ നൽകാൻ ശ്രമിക്കാം. മറ്റ് നാശനഷ്ടങ്ങളുണ്ടായതിനെക്കുറിച്ച് കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നുള്ളത് ഗൗരവമായി പരിശോധിക്കാം. എന്നാൽ നിലവിലുള്ള വ്യവസ്ഥകൾ വച്ചുകൊണ്ട് മത്സ്യബന്ധന വകുപ്പിന് ഈ കാര്യത്തിൽ നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല. മത്സ്യബന്ധനത്തിനിടയിൽ മരണപ്പെടുന്നവർക്ക്

നഷ്ടപരിഹാരം കൊടുക്കാൻ വ്യവസ്ഥയുണ്ട്. ഏതായാലും അവിടെ ഒരാൾ മരിക്കാൻ ഇടയാകുകയും മറ്റ് പലർക്കും പരിക്കുപറ്റുകയും ഉപകരണങ്ങൾ നഷ്ടപ്പെട്ടുവെന്നുള്ളതെല്ലാം യാഥാർത്ഥ്യമാണ്. ഈ കാര്യത്തിൽ പരമാവധി സഹായകരമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ</u>

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച ക്ഷേമനിധിയിലേയ്ക്ക് ആവശ്യമായ പണം ലഭിക്കുന്നത് കച്ചവടക്കാരുടേയും കയറ്റുമതിക്കാരുടേയും കയ്യിൽനിന്നുമുള്ള വിഹിതം സ്വരൂപിച്ചുകൊണ്ടാണ്. ഇതിന് കേരള നിയമസഭ ഒരു നിയമം പാസ്സാക്കുകയുണ്ടായി. ഈ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഒരു കേസുണ്ടായി. സുപ്രീം കോടതിയിലെ കേസ് വീണ്ടും ഹൈക്കോടതിയിലേയ്ക്ക് മാറ്റി. ഹൈക്കോടതിയിലെ കേസ് 2012 ഡിസംബർ മാസത്തിൽ വാദം പൂർത്തിയായെങ്കിലും ഇതുവരെ അന്തിമവിധി വന്നിട്ടില്ല. ഒരു വർഷമായിട്ടും വിധി വന്നിട്ടില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കുന്നില്ലെന്ന് മാത്രമല്ല വൻകിട കയറ്റുമതിക്കാർ കൊടുക്കേണ്ട സെസ്സ് ഇതിന്റെ ഭാഗമായി സംസ്ഥാന ഖജനാവിലേയ്ക്ക് കൊടുക്കുന്നുമില്ല. ഇതൊരു വലിയ പാതകമാണ്. നമ്മുടെ കോടതികൾ പെരുമാറുന്നത് മനുഷ്യമുഖമില്ലാത്ത രീതിയിലാണ്. കോടതികളുടെ പലപ്പോഴുമുള്ള സമീപനം സ്ഥാപിത താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന രീതിയിൽ പോലും ആകുമോ എന്ന് നമ്മൾ സംശയിക്കാറുണ്ട്. നമ്മുടെ

പല കേസുകളും – അത് വനം കേസുകളുടെ കാര്യത്തിലായാലും അടിസ്ഥാന ജനവിഭാഗങ്ങളുടെ ന്യായമായ കേസുകളിലായാൽപോലും കോടതികൾ പലപ്പോഴും ശരിയായ രീതിയിൽ മനുഷ്യമുഖത്തോടുകൂടിയുള്ള തീരുമാനം എടുക്കുന്നില്ല. അത് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടേയും ശ്രദ്ധയിൽകൊണ്ടുവരികയാണ്. അതോടൊപ്പം മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ വളരെ കുറഞ്ഞ തുകയാണ് ഇപ്പോഴും കൊടുക്കുന്നത്. 20–25 വർഷങ്ങൾക്കുമുമ്പുള്ളതുപോലെ വളരെ കുറഞ്ഞ ആനുകൂല്യങ്ങളാണ് കൊടുക്കുന്നത്. ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ 590–ഓളം കിലോമീറ്ററുള്ള തീരപ്രദേശത്തെ 38 നിയമസഭാ മണ്ഡലങ്ങളിലായി കിടക്കുന്ന ലക്ഷക്കണക്കിന് വരുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന ഒരു കാര്യമാണ്. ഈ കാര്യം ഗൗരവത്തോടുകൂടി ഗവൺമെന്റ് എടുക്കണം. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഇപ്പോഴും വളരെ പരിമിതമാണ്. ഈ ഗവൺമെന്റ് അത് വർദ്ധിപ്പിക്കാൻ ശ്രമിച്ചുവെന്നുള്ളത് നന്ദിയോടുകൂടി പറയുകയാണ്. ഇന്ന് ബഹുമാനപ്പെട്ട പി.കെ. ഗുരുദാസൻ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങൾ കഴിഞ്ഞ ദിവസം തീപിടിച്ച് നശിക്കുകയും ഒരു മനുഷ്യജീവൻ നഷ്ടപ്പെട്ടതിന്റേയും കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഇത്തരം സന്ദർഭങ്ങളിലൊക്കെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കപ്പെടുന്നതിനുവേണ്ടി കൂടുതൽ ഇടപെടലുണ്ടാകണം. കഴിഞ്ഞ സമ്മേളന കാലത്ത് സഭയിൽ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട നിയമങ്ങളെല്ലാം ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. ഭരണകക്ഷി–പ്രതിപക്ഷ തർക്കങ്ങളൊന്നുമില്ലാതെ ഒന്നിച്ചു

പാസ്സാക്കിയ നിയമങ്ങൾ ഉണ്ടായിട്ടുപോലും ആ നിയമം നമുക്ക് കൃത്യമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല, കോടതികൾ അതിന് വിലങ്ങുതടിയായി നിൽക്കുന്നു. അതുകൊണ്ട് ഈ കാര്യത്തിൽ ക്ഷേമ പ്രവർത്തനങ്ങളും ക്ഷേമനിധിയും വർദ്ധിപ്പിക്കാൻവേണ്ടിയുള്ള സത്വര നടപടി ഉണ്ടാകുകയും ഇൻഷ്വറൻസ് പരിരക്ഷ കൂട്ടി ലഭിക്കാനാവശ്യമായ നടപടിയും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മത്സ്യബന്ധനവകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ ഗൗരവമുള്ള പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിച്ചത്. മത്സ്യത്തൊഴിലാളികൾ, അനുബന്ധത്തൊഴിലാളികൾ, മത്സ്യബന്ധന യാന ഉടമകൾ എന്നിവരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് കൊണ്ടാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പ്രവർത്തിച്ചുവരുന്നത്. ബോർഡിന്റെ മുഖ്യ വരുമാനമാർഗ്ഗം സെസ്സ് ആക്ട് പ്രകാരം ബോർഡിന് ലഭിക്കേണ്ട തുകയാണ്. 18-02-2006 മുതൽ പ്രാബല്യത്തിൽ വന്ന 2007–ലെ ക്ഷേമ സെസ്സ് ആക്ട് പ്രകാരം ബോർഡിന് ഒരു വർഷം ഏതാണ്ട് 20 കോടി രൂപ വരുമാനം ലഭ്യമാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലമായി വ്യവഹാരങ്ങളിൽപ്പെട്ട് ഈ വരുമാനം കുടിശ്ശികയിലാണ്. സെസ്സ് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ നടത്തിത്തുടങ്ങിയതോടെ തന്നെ ഈ ആക്ടിന്റെ നിയമസാധുതയെ ചോദ്യം ചെയ്ത് മത്സ്യ കയറ്റുമതിക്കാരുടെ വിവിധ സംഘടനകൾ ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും

ആയതിന്റെ വാദം 2012 ഡിസംബർ മാസത്തിൽ തന്നെ പൂർത്തിയാകുകയും ചെയ്തു. എന്നാൽ പ്രസ്തുത കേസുകളിൽ പെറ്റീഷണേഴ്സിന് ഇനി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാൻ അവസരം കോടതി നൽകിയിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ ഒരു വർഷത്തിലധികമായി ഈ കേസിൽ അന്തിമ വിധി പറയാതെ കേസ് അകാരണമായും അനിശ്ചിതമായും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നീട്ടിക്കൊണ്ടുപോകുന്നുവെന്നുള്ളത് ശരിയാണ്. ആത്യന്തികമായി ഇത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ നീതിനിഷേധത്തിന് ഇടയാക്കുന്നു. ഈ നിയമത്തിനെതിരെ ഐസ് പ്ലാന്റ് ഉടമകൾ കോടതിയെ സമീപിക്കുകയും കേസിന്റെ അഡ്മിഷൻ ഘട്ടത്തിൽ തന്നെ സർക്കാർ ഭാഗത്തിന്റെ വാദം കേൾക്കാതെ പരാതിക്കാർ സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തുവരുന്നു. മത്സ്യക്കയറ്റുമതിക്കാർ ഫയൽ ചെയ്ത ചില കേസുകളിൽ ഡിമാന്റിന്റെ 25 ശതമാനം തുക അടയ്ക്കണമെന്ന വ്യവസ്ഥയിൽ സ്റ്റേ ഉത്തരവുകൾ നൽകപ്പെട്ടിട്ടുണ്ട്. ഇപ്രകാരം 25 ശതമാനം തുക അടയ്ക്കാത്തവരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം സെസ്സ് അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മറ്റു സ്ഥാപനങ്ങൾക്കും സെസ്സ് അടയ്ക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകി സെസ്സ് പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബോർഡിന്റെ മറ്റൊരു വരുമാന മാർഗ്ഗം വിവിധ വിഭാഗത്തിൽപ്പെടുന്നവരിൽനിന്നും ലഭിക്കുന്ന അംശാദായങ്ങളാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ബോട്ടുടമകളുമായും മറ്റ് വിഭാഗങ്ങളുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക പിരിവായി പ്രതിവർഷം 2 കോടി രൂപയുടെ അധിക വരു

മാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാന മത്സ്യബന്ധന യാനങ്ങളിൽ നിന്നും മൂന്നു മാസത്തേയ്ക്ക് ഒരു ബോട്ടിന് 10,000/- രൂപ നിരക്കിൽ യൂസർ ഫീ ചുമത്തി പ്രതിവർഷം 50 ലക്ഷം രൂപ അധിക വരുമാന മായി ക്ഷേമനിധി ബോർഡിന് ലഭിക്കുന്നുണ്ട്. കാലവർഷ കെടുതിയിലും മറ്റ് പ്രകൃതി ദുരന്തങ്ങളിലും നാശനഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന യാന ങ്ങൾക്ക് ഇപ്പോൾ ധനസഹായം നൽകുന്നില്ല. ധനസഹായം അനുവദിക്കുന്ന തിനുവേണ്ടി പൈലറ്റ് പ്രോജക്ടായി എറണാകുളം ജില്ലയിൽ എല്ലാ യാനങ്ങൾക്കും ഇൻഷ്വറൻസ് കവറേജ് എന്ന ക്യാമ്പയിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊ ഴിലാളികൾക്കും അപകട-മരണ ഇൻഷ്വറൻസ് നൽകുന്നതിനുവേണ്ടി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന 2 ലക്ഷം രൂപ 3 ലക്ഷം രൂപയായും ഇപ്പോൾ പ്രീമിയം വർദ്ധനവില്ലാതെ ഇൻഷ്വറൻസ് പരിരക്ഷ 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായും 17.12.2013-ൽ വർദ്ധിപ്പിച്ചു. ആം ആദ്മിയോജന പദ്ധതി പ്രകാരം എല്ലാ മത്സ്യത്തൊഴിലാളികളുടെയും സാധാരണ മരണങ്ങൾക്ക് 30,000/- രൂപ ധനസഹായം ലഭിക്കുന്ന പുതിയ പദ്ധതിക്ക് ഇപ്പോൾ രൂപം നൽകിയിട്ടുണ്ട്. വിവാഹ ധനസഹായം 1500 രൂപ യിൽനിന്ന് 10,000 രൂപയായും മരണാനന്തര സഹായം 20,000 രൂപ യിൽനിന്ന് 50,000 രൂപയായും ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. വാർദ്ധ ക്യകാല വിധവാ പെൻഷനുകൾ 2011-ൽ 300 രൂപയായിരുന്നത് 400 രൂപ യായും ഇപ്പോൾ 500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2013 സെപ്റ്റംബർ വരെ

യുള്ള പെൻഷൻ തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ട്. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കിയിട്ടുണ്ട്. ശ്രീ. റ്റി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചതുപോലെ ബോർഡിന്റെ വരുമാന വർദ്ധന വിനനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ പരമാവധി വർദ്ധന നടത്തുന്നതാണ്. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞ കൊല്ലത്തെ മരണം മത്സ്യത്തൊഴിലാളിയുടേതല്ല. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയാണ് ഈ ക്ഷേമനിധി. മറ്റൊരു കാര്യം, ശ്രീ. റ്റി.എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചതു പോലെ ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട കോടതികൾ മനുഷ്യമുഖം പ്രകടി പ്പിക്കേണ്ടത് ആവശ്യമാണ്. സെസ്സിന്റെ കേസ് വളരെ അനിശ്ചിതമായി നീണ്ടു പോകുന്നു എന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഈ കേസിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കക്ഷി ചേരുകയും വാദിക്കുകയുമൊക്കെ ചെയ്തിട്ടുണ്ടെ ങ്കിലും വാദം പൂർത്തിയായി ഒരു വർഷത്തോളമായിട്ടും വിധി പുറപ്പെടുവി ക്കുന്നില്ല. കോടതി ഇത് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നു എന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്.

ഹോളോഗ്രാം സ്റ്റിക്കറുകളുടെ നിർമ്മാണ വിതരണം

ഡോ. എൻ. ജയരാജ്: സർ, 29–06–2001–ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മദ്യക്കുപ്പികളിൽ പതിപ്പിക്കുന്ന ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ നിർമ്മാണം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ബിവ റേജസ് കോർപ്പറേഷൻ സി–ഡിറ്റുമായി കരാർ ഉണ്ടാക്കിയെങ്കിലും സി–ഡിറ്റ് ഇതൊരു സ്വകാര്യ കമ്പനിക്ക് നൽകുകയാണുണ്ടായത്. പ്രസ്തുത സ്വകാര്യ കമ്പനി തമിഴ്നാട്ടിലും മറ്റും സ്വകാര്യമായി ഹോളോഗ്രാം നിർമ്മിച്ച്

നൽകുകയും പിന്നീട് ആ കരാർ നീട്ടിക്കൊടുക്കുകയും ചെയ്തു. യഥാർത്ഥത്തിൽ സ്വകാര്യ കമ്പനികൾക്ക് വീണ്ടും ഹോളോഗ്രാം നിർമ്മിക്കാനുള്ള അവകാശം നൽകിയത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും സി-ഡിറ്റും തമ്മിലുണ്ടാക്കിയ കരാറിന് വിരുദ്ധമാണ്. മാത്രമല്ല സി. ആന്റ് എ.ജി റിപ്പോർട്ടിൽ എക്സൈസ് കമ്മീഷണറുടെ ഒപ്പോടുകൂടിയാണ് ഹോളോഗ്രാം നിർമ്മിക്കുന്നത്. പക്ഷേ സെക്യൂരിറ്റി ലേബലുകളിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന് യാതൊരു തരത്തിലുമുള്ള നിയന്ത്രണവുമില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് സംസ്ഥാനത്ത് വ്യാപകമായി വ്യാജമദ്യമുണ്ടാക്കുവാനും അതോടൊപ്പം സംസ്ഥാന ഗവൺമെന്റിന്റെ വരുമാനം നഷ്ടപ്പെടാനും ഇടയാകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഹോളോഗ്രാം സ്റ്റിക്കറിന്റെ നിർമ്മാണം പൂർണ്ണമായി സംസ്ഥാന എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാകണമെന്നതാണ് ഈ സബ്മിഷന്റെ പ്രധാനപ്പെട്ട ആവശ്യം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി താല്പര്യമെടുത്ത് ഒരു യോഗം ഇതുമായി ബന്ധപ്പെട്ട് വിളിച്ചുകൂട്ടിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു താല്പര്യപത്രം സി-ഡിറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെ ചെയ്യുമ്പോഴും കെ.എസ്.ബി.സി.-യുമായി ബന്ധപ്പെട്ട് എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥൻമാരുടെ കുറവ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിലവിലുള്ള ഹോളോഗ്രാമിൽ ഏകദേശം ആറ് സെക്യൂരിറ്റി ഫീച്ചേഴ്സ് മാത്രമേയുള്ളൂ. Ind-Asia Printer ഉപയോഗിച്ചുള്ള 25 ഫീച്ചേഴ്സ് വേണമെന്നാണ് നിർദ്ദേശിക്കപ്പെടുന്നത്. അതുകൊണ്ട് വളരെ കർശനമായ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിൽ 25 ഫീച്ചേഴ്സുമുള്ള രീതി

യിൽ പ്രിന്റിംഗ് ഹോളോഗ്രാം സ്റ്റിക്കറിന്റെ കാര്യത്തിലുണ്ടാവുകയും അത് പൂർണ്ണമായും എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലാവുകയും ചെയ്താൽ മാത്രമേ ഇക്കാര്യത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടവും വ്യാജ മദ്യ നിർമ്മാണത്തിനുള്ള സാധ്യതകളും പൂർണ്ണമായി സംസ്ഥാനത്ത് ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഡോ. എൻ. ജയരാജ് ഉന്നയിച്ച സബ്മിഷനിലെ കാര്യങ്ങൾ പലതും യാഥാർത്ഥ്യമാണ്. 1984-ൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചനാൾ മുതൽ സെക്യൂരിറ്റി ലേബൽ മദ്യകുപ്പികളിൽ പതിപ്പിച്ചായിരുന്നു മദ്യം വിതരണം നടത്തിയിരുന്നത്. 29.06.2001-ലെ സർക്കാർ ഉത്തരവ് പ്രകാരം ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ നിർമ്മാണം നടത്തുന്നതിനായി കെ.എസ്.ബി.സി. സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ വൻസുരക്ഷാക്രമീകരണങ്ങളോടെ ഹോളോഗ്രാമിന്റെ പ്രിന്റിംഗ് നടത്തേണ്ടതിനുപകരം, സി-ഡിറ്റ്, ടി ലേബൽ നിർമ്മാണം ഈ രംഗത്ത് മുൻപരിചയമില്ലാത്ത ഒരു സ്വകാര്യ കമ്പനിക്ക് നൽകിക്കൊണ്ട് കരാറിൽ ഏർപ്പെട്ടതായും, ടി സ്വകാര്യ കമ്പനി സി-ഡിറ്റിന് പുറത്ത് എറണാകുളത്തും, തമിഴ്നാട്ടിൽ വാളയാർ ചെക്ക്പോസ്റ്റിനടുത്തും, ടി ലേബലുകൾ നിർമ്മിച്ച് വരുന്നതായും, സി-ഡിറ്റ് ടെണ്ടർ വിളിക്കാതെ സ്വകാര്യ കമ്പനിക്ക് കൂടിയ തുകയ്ക്ക് ലേബൽ നിർമ്മാണക്കരാർ നീട്ടിക്കൊടുത്തതായും, ആയതിനാൽ സർക്കാരിന് പ്രതിമാസം അരക്കോടിയോളം രൂപ നഷ്ടം വന്നു

കൊണ്ടിരിക്കുന്നതായും സി–ഡിറ്റ്–ലെതന്നെ ഒരു വിഭാഗം ഉദ്യോഗസ്ഥർ പരാതി നൽകിയിരുന്നു. ഇതു സംബന്ധിച്ച് എക്സൈസ് വിജിലൻസ് ആഫീസർ വിശദമായി അന്വേഷണം നടത്തിയിരുന്നു. സി–ഡിറ്റ് 'പ്രോസസ് കളർ' എന്ന ഒരു സ്വകാര്യ സ്ഥാപനവുമായി സെക്യൂരിറ്റി ലേബലുകൾ പ്രിന്റു ചെയ്തു നൽകുന്നതിന് കരാറുണ്ടാക്കിയത് സി–ഡിറ്റും, കെ.എസ്.ബി.സിയും തമ്മിലുണ്ടാക്കിയ കരാർ വ്യവസ്ഥകൾക്കു വിരുദ്ധമാണെന്നും, കരാർ ലംഘനമാണെന്നും കണ്ടെത്തിയിരുന്നു. സി. ആന്റ് എ.ജി.യും ഈ സംവിധാനത്തിലെ പാകപ്പിഴവുകൾ ചൂണ്ടിക്കാണിക്കുകയും എക്സൈസ് വകുപ്പ് തന്നെ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ സർക്കാർ, ഹോളോഗ്രാഫിക് ലേബലുകളുടെ നിർമ്മാണം, വിതരണം തുടങ്ങി അതുമായി ബന്ധപ്പെട്ട മറ്റെല്ലാകാര്യങ്ങളും എക്സൈസ് വകുപ്പിന്റെ ശക്തമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അത്യന്താധുനിക സംവിധാനങ്ങളോടെ സി–ഡിറ്റിൽ ഹോളോഗ്രാം സെക്യൂരിറ്റി സ്റ്റിക്കർ അച്ചടിക്കുന്നതിന് തീരുമാനിക്കുകയും ആയതിലേയ്ക്ക് ആർ.എഫ്.ക്യു. തയ്യാറാക്കുന്നതിന് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി. കമ്മിറ്റി ഹോളോഗ്രാം സ്റ്റിക്കറിനെ സംബന്ധിച്ച് താൽപ്പര്യപത്രം തയ്യാറാക്കി സി–ഡിറ്റ് അത് പരസ്യപ്പെടുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 7 സ്ഥാപനങ്ങളുടെ താൽപ്പര്യപത്രങ്ങൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിക്കുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സമിതിയെ എക്സൈസ് ഡിപ്പാർട്ടുമെന്റ് നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. വിദഗ്ദ്ധ സമിതി

യുടെ റിപ്പോർട്ടിന്മേൽ ഇക്കാര്യത്തിൽ സത്വര നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. ഡോ.എൻ. ജയരാജ് ചൂണ്ടിക്കാണിച്ചതുപോലെ ലേബൽ വളരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും വളരെയധികം സെക്യൂരിറ്റി ഫീച്ചേഴ്സ് ഏർപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമായതിനാൽ ഇപ്പോൾ 25 ഫീച്ചേഴ്സുകളോടുകൂടിയ ഹൈ സെക്യൂരിറ്റി ലേബൽ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ടെണ്ടർ അവസാനഘട്ടത്തിലാണ്. ഏതായാലും അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഗൗരവമുള്ള പ്രശ്നമാണ്. അതേ ഗൗരവത്തിൽ അതുൾക്കൊണ്ടുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

ശ്രീ. ഇ. പി. ജയരാജൻ : സർ, എന്റെ മണ്ഡലമായ മട്ടന്നൂരിൽ ആയിരക്കണക്കിന് ആളുകൾ യാത്ര ചെയ്യുന്നതും നൂറ് കണക്കിന് വാഹനങ്ങൾ ദിവസവും സഞ്ചരിക്കാൻ ബാദ്ധ്യതപ്പെട്ടതുമായ പ്രധാനപ്പെട്ട രണ്ട് റോഡുകളുടെ ദയനീയാവസ്ഥയാണ് എനിക്ക് പറയാനുള്ളത്. തൃക്കടാരിപ്പൊയിൽ-ഇടുമ്പ- കണ്ണവം റോഡിന് 2009-ൽ 240 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, 30.11.2009-ൽ ടെണ്ടർ ചെയ്തു. 18.12.2010-ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. 26.12.2011-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 2014 ജനുവരി മാസത്തിലും പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർക്കും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മുതൽ ചീഫ് സെക്രട്ടറി വരെയുള്ളവർക്കും പരാതി നൽകുകയും പ്രക്ഷോഭങ്ങൾ നടത്തുകയും വകുപ്പുമന്ത്രിക്ക് നിവേദനങ്ങൾ നൽകുകയും നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്ത വിഷയം അവസാനം കോടതിയിൽ

എത്തി. കരാറുകാരനെ ടെർമിനേറ്റ് ചെയ്തു. ഇപ്പോൾ ബാക്കിഭാഗം പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിലുണ്ട്. ചുവപ്പ് നാടയിൽ കുടുങ്ങാതെ എത്രയും വേഗം ഭരണാനുമതി നൽകണം. ടെണ്ടർ നടപടികളിലൂടെയും മറ്റും ഇനിയും കാലതാമസം വരുത്തരുത്. ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തി ഈ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കണമെന്നുള്ളതാണ് ഒരു റോഡിന്റെ കാര്യം. രണ്ടാമതായി, എടയാർ-ആലച്ചേരി റോഡിന്റെ കാര്യമാണ്. 2010-ൽ ഭരണാനുമതി നൽകി. 10.12.2011-ൽ ടെണ്ടർ ചെയ്ത് 16.5.2011-ന് എഗ്രിമെന്റ് വച്ചു. നാല് മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കുമെന്നായിരുന്നു കരാർ. ഇപ്പോഴും പ്രവർത്തി തുടങ്ങിയിട്ടില്ല. കരാർ ടെർമിനേറ്റ് ചെയ്തു. 141 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന നൽകി റോഡ് പ്രവൃത്തികൾക്കുള്ള ഭരണാനുമതി എത്രയും പെട്ടെന്ന് നൽകാനും ഫണ്ട് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. ടെണ്ടർ നടപടികളിലും മറ്റുമുള്ള കാലതാമസം ഒഴിവാക്കാൻ പ്രത്യേക സാഹചര്യമുണ്ടാകണം. പൊതുമരാമത്ത് വകുപ്പിന്റെ പല പ്രവൃത്തികളും കരാർ ഏറ്റെടുത്ത് കഴിഞ്ഞാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കിട്ടുന്നതിൽ കാലതാമസം വരുത്തി കൃത്യസമയത്ത് പൂർത്തീകരിക്കാതെ ജനങ്ങൾക്കും ഗവൺമെന്റിനുമെല്ലാം പ്രയാസമുണ്ടാക്കുന്ന നിലയിലുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നിലപാട് ഒഴിവാക്കാൻ പ്രത്യേകിച്ച് എന്തെങ്കിലും സംവിധാനമുണ്ടാക്കി പ്രവൃത്തികൾ കാര്യക്ഷമമായി യഥാവസരം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥി

ക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് റോഡുകളാണിവ. നാലഞ്ച് വർഷക്കാലമായി ടെണ്ടർ വച്ച് പ്രവൃത്തി തുടങ്ങാതെ കരാറുകാർ കാണിക്കുന്ന ക്രൂരതയോട് തീർച്ചയായും ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ–ഇടുമ്പ–കണ്ണവം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 14.07.2009–ൽ 240 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ടിയാന്റെ സ്വന്തം നഷ്ട ഉത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി. കരാറുകാരൻ ചെയ്തുതീർത്ത പ്രവൃത്തികൾ കഴിച്ച് ബാക്കി പ്രവൃത്തികൾക്കുള്ള 1,65,78,696 രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. എടയാർ–ആലച്ചേരി റോഡിന്റെ പുനരുദ്ധാരണത്തിനായി 23.12.2010–ൽ 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. 16.5.2011–ൽ ഈ പ്രവൃത്തികൾക്ക് കരാർ നൽകിയിരുന്നുവെങ്കിലും പ്രവൃത്തികളൊന്നും നടത്താത്തതിനാൽ കരാറുകാരനെ സ്വന്തം റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി. പ്രസ്തുത പ്രവൃത്തിക്കുള്ള പുതുക്കിയ 1,57,66,555 രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. ഈ രണ്ട് എസ്റ്റിമേറ്റുകളും സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

<u>കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എം.സി. റോഡ് നിർമ്മാണം</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കടുത്തുരുത്തി മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഒരു പ്രധാന പദ്ധതിയെന്ന നിലയിലാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നതെങ്കിലും നമ്മുടെ സംസ്ഥാനത്തിന്റെ റോഡ് വികസന രംഗത്ത് ഏറ്റവും സുപ്രധാനമായ ഒന്നാണ് എം.സി. റോഡിന്റെ വികസനം. ഗവൺമെന്റ് അക്കാര്യത്തിലെടുത്ത നല്ല നടപടികളെയെല്ലാം സ്വാഗതം ചെയ്യുന്നു. എത്രയും പെട്ടന്ന് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭി ക്കുവാനുള്ള നടപടി സ്വീകരിക്കുകയെന്നുള്ളതാണ് ഇനി ചെയ്യേണ്ടത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഗവൺമെന്റും അക്കാര്യത്തിൽ പ്രത്യേക താൽപ്പര്യം എടുത്തിട്ടുണ്ട്. ഇപ്പോൾ കടുത്തുരുത്തി മണ്ഡലത്തിന്റെ ഭാഗം ഏറ്റുമാനൂർ പട്ടിത്താനം മുതൽ കുറവിലങ്ങാട്, കൂത്താട്ടുകുളം, മൂവാറ്റുപ്പുഴ വരെയുള്ള ഒറ്റ റീച്ചായിട്ടാണ് ഗവൺമെന്റ് വർക്ക് ക്രമീകരിച്ചിരിക്കുന്നത്. ഈ സീസൺ പ്രയോജനപ്പെടത്തി എത്രയും വേഗം വർക്ക് ആരംഭിക്കാ നുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പ്രധാനമായി ഉന്നയിക്കുന്ന ഒരു കാര്യം. അതോടൊപ്പംതന്നെ തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ എം.സി. റോഡിന്റെ വികസനം പൂർത്തീകരിച്ചു നിൽക്കുകയാണ്. തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം ഗവൺമെന്റ് തുടങ്ങിയതിനെ ഞങ്ങളെല്ലാം സ്വാഗതം ചെയ്യുന്നു. അതോടൊപ്പംതന്നെ ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാ ശ്ശേരി, കോട്ടയം, ഏറ്റുമാനൂർ വരെ വരുന്ന റീച്ചും ഇതിന്റെ കൂടെത്തന്നെ വരികയാണ്. ഇത്രയും ഭാഗവുംകൂടി പൂർത്തീകരിക്കാൻ കഴിഞ്ഞാൽ തിരുവ നന്തപുരം മുതൽ അങ്കമാലിവരെ മെച്ചപ്പെട്ട നിലവാരത്തിൽ കേരളത്തിന് ഗുണകരമാകുന്ന റോഡുവികസനപദ്ധതി പൂർത്തിയാവുകയാണ്. നേരത്തേ കെ.എസ്.ടി.പി.-യുടെ ചെങ്ങന്നൂർ വരെയുള്ള നിർമ്മാണ പ്രവർത്തനം

മുടങ്ങിപ്പോയതിനെ തുടർന്ന് കേരളം അനുഭവിച്ച ദുരിതം വളരെ ഗൗരവ ത്തോടുകൂടി നമ്മുടെ മനസ്സിൽ നിൽക്കുകയാണ്. അത് പരിഹരിക്കാൻ, കഴിഞ്ഞ സാഹചര്യങ്ങൾ ഓർക്കുമ്പോൾ ഈ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ഒരു മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തേണ്ടത് അത്യന്താ പേക്ഷിതമാണെന്ന വിഷയം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുക യാണ്. എം.സി. റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏറ്റവും അനിവാര്യമായ ഒരു മോണിറ്റ റിംഗ് സിസ്റ്റം ഗവൺമെന്റ് ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. അങ്ങനെകൂടി ചെയ്യാൻ കഴിഞ്ഞാൽ തീർച്ചയായും പരമാവധി വേഗത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയും എത്രസമയം കൊണ്ടാണ് എം. സി. റോഡിന്റെ വികസനം പൂർത്തിയാക്കാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടു ള്ളതെന്നും നിർമ്മാണപ്രവർത്തനങ്ങൾ എന്ന് തുടങ്ങുവാനാണ് ഉദ്ദേശിക്കു ന്നതെന്നും സൂചിപ്പിച്ചുകൊണ്ട് പരമാവധി വേഗത്തിൽ എം.സി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടിയുണ്ടാകണം .

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, വേൾഡ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന 2403 കോടി രൂപയുടെ കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയും ഏറ്റുമാനൂർ മുതൽ മൂവാറ്റുപുഴ വരെയുമുള്ള റോഡ് വികസിപ്പിക്കുന്നതിന് രണ്ട് റീച്ചുകളായി തിരിച്ച് കരാർ നൽകിക്കഴിഞ്ഞു. ഇതിൽ ഏറ്റുമാനൂർ മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 171,49,00,000 രൂപയ്ക്ക് മെസ്സേഴ്സ് എൻ.എ.പി. സി., ചെന്നൈ എന്ന കമ്പനി 30.12.2013-ൽ എഗ്രിമെന്റ് വച്ചിരിക്കുകയാണ്.

ഈ പ്രവൃത്തി ഉടൻ തുടങ്ങുന്നതാണ്. ഇതിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എം.സി. റോഡിന്റെ ഭാഗമായ കുറവിലങ്ങാട്, കൂത്താട്ടുകുളം, മൂവാറ്റുപുഴ റീച്ചും ഉൾപ്പെടുന്നു. ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തി 245,30,00,000 രൂപയ്ക്ക് മെസ്സേഴ്സ് എസ്.എ.സി.വൈ.ആർ. കൺസോർഷ്യം കമ്പനിക്ക് കരാർ നൽകിയിരിക്കുകയാണ്. ഇതിന്റെ നിർമ്മാണവും ജനുവരി മാസം തന്നെ തുടങ്ങുന്നതാണ്. ഈ രണ്ട് പ്രവൃത്തികളും 2016 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സമയബന്ധിതമായ പ്രവൃത്തിക്കുള്ള മോണിറ്ററിംഗ് സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുന്നതാണ്.

## നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണം

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല നഗരത്തിന്റെ വികസനവുമായി ഏറെ ബന്ധപ്പെട്ട ഒന്നാണ് നെടുമ്പ്രക്കാട്-വിളക്കുമരം പാലം. ചേർത്തല-അരൂർ മണ്ഡലങ്ങളുടെ കിഴക്കൻ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തുന്ന ഈ പാലം നിർമ്മാണം ശ്രീ. എ. കെ. ആന്റണി ചേർത്തലയുടെ പ്രതിനിധിയായിരിക്കുന്ന സന്ദർഭത്തിലാരംഭിച്ചതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഏതാണ്ട് പാതിവഴിയിലെത്തിയ സന്ദർഭത്തിലാണ് തുടർന്നുള്ള നിർമ്മാണത്തിന് ഡിസൈനിൽ ചില മാറ്റങ്ങൾ വേണമെന്ന വെളിപാട് ഡിപ്പാർട്ടുമെന്റിനുണ്ടാകുന്നത്. അന്ന് ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചു. ഇപ്പോൾ 7 വർഷമായി യാതൊരുവിധ പ്രവൃത്തികളും ആരംഭിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലത്തിന്റെ അക്വിസിഷൻ നടപടികളാരംഭിച്ചിരുന്നു. അന്ന്

ബഡ്ജറ്റിൽ ഫണ്ടും ഉണ്ടായിരുന്നതാണ്. എന്നാൽ ടെണ്ടർ നടപടിയായില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് പുതുക്കിയില്ലെന്നായിരുന്നു അന്ന് തടസ്സമായി പറഞ്ഞുകേട്ടത്. ഈ ഗവൺമെന്റ് വന്നു. ടെണ്ടർ കമ്മിറ്റിയുടെ മുമ്പിൽ ഫയൽ ചെന്നപ്പോൾ ബഡ്ജറ്റിൽ പ്രൊവിഷനില്ല എന്നതിന്റെ പേരിൽ അത് നിരാകരിച്ചു. ഇപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നു. ആ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഭീമമായ തുകയായി എന്നതിന്റെ പേരിൽ ഫയൽ അങ്ങോട്ടു മിങ്ങോട്ടും തട്ടിക്കൊണ്ടിരിക്കുകയാണ്. ഒരു നാടിന്റെ വികസന സ്വപ്നമാണ് എങ്ങുമെത്താതെ കിടക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ഞങ്ങളുടെ താലൂക്കിന്റെ ആകെ വികസനവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന നിലയിൽ ഇതിനാവശ്യമായ ഫണ്ട് നീക്കിവച്ച് ആ പാലം നിർമ്മാണം എത്രയും വേഗം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

സർ, ചേർത്തല-നെടുമ്പ്രക്കാട്-വിളക്കുമരം പാലം നിർമ്മാണത്തിന് നബാർഡിന്റെ സഹായത്തോടുകൂടി 2004-ൽ 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പാലം പണി തുടങ്ങിയെങ്കിലും ഡിസൈനിലുണ്ടായ മാറ്റം, റേറ്റ് റിവിഷൻ, അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം മുതലായ കാരണങ്ങളാൽ കോൺട്രാക്ടർ പണി നിർത്തിവയ്ക്കുകയാണുണ്ടായത്. ഈ പാലം പണിയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യാൻ ബന്ധപ്പെട്ടവരുടെ ഒരു യോഗം പൊതുമരാമത്ത് വകുപ്പുമന്ത്രി 26-03-2013-ൽ വിളിച്ചുചേർക്കുകയുണ്ടായി. അപ്രോച്ച് റോഡി

നുള്ള ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായി വരുന്നുണ്ട് എന്നുകണ്ടതിനാൽ 2012-ലെ പുതുക്കിയ നിരക്കിൽ പാലം പണിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി 30 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിന് നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് ധനകാര്യവകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് അനന്തര നടപടികൾ സ്വീകരിച്ചുവരികയുമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് ധനകാര്യവകുപ്പിന്റെ അനുമതിയോടുകൂടി അംഗീകാരം നൽകേണ്ടിയിരിക്കുന്നു. തീർച്ചയായും ഇതുസംബന്ധിച്ചുള്ള നടപടികൾ സത്വരമായി നടത്തുന്നതാണ്.

## <u>ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീ. ബി. സത്യൻ:</u> സർ, മൂന്നാമത്തെ പ്രാവശ്യമാണ് വളരെ പ്രധാനപ്പെട്ട ഈ വിഷയം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അങ്ങ് മുൻകൈയെടുത്ത് എല്ലാ കക്ഷിയിൽപ്പെട്ട ജനപ്രതിനിധികളുടെയും ഒരു യോഗം വിളിച്ചുചേർക്കുകയും ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ഒരു ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാവുകയും ചെയ്തതിനെ ഞങ്ങളെല്ലാവരും സ്വാഗതം ചെയ്യുകയാണ്. പക്ഷേ ഇപ്പോൾ നാഷണൽ ഹൈവേ അതോറിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന തികഞ്ഞ അനാസ്ഥയും ഈ സ്ഥലം ഏറ്റെടുത്തുകൊടുക്കേണ്ട

റവന്യൂ വിഭാഗം ഈ രംഗത്ത് കാണിച്ചിട്ടുള്ള അശ്രദ്ധയുംകൊണ്ട് രണ്ട് പ്രാവശ്യം ഇറക്കിയ നോട്ടിഫിക്കേഷന്റെയും കാലാവധി കഴിഞ്ഞു. റീ–നോട്ടി ഫിക്കേഷനുവേണ്ടി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കേണ്ട അവസ്ഥയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ആറ്റിങ്ങൽ ബൈപ്പാസ് എന്നുപറയുന്നത് ഏകദേശം 12 വർഷങ്ങൾക്കുമുമ്പുതന്നെ ഏതാണ്ട് 11 കിലോമീറ്ററോളം വരുന്ന സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. വേറെയൊരു തർക്കവും അവിടെ നിലവിലില്ല. എന്നാൽ കഴക്കൂട്ടം മുതൽ ഇങ്ങോട്ടുവരു മ്പോൾ ചില തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയി ലിരിക്കുകയാണ്. പക്ഷേ ബൈപ്പാസിന്റെ കാര്യത്തിൽ ആർക്കും തർക്കമില്ല. അത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. മാത്രമല്ല എല്ലാ തരത്തിലുമുള്ള നടപടിക്രമങ്ങളും പൂർത്തീകരിച്ചതുമാണ്. കഴിഞ്ഞ രണ്ടുപ്രാവശ്യം റവന്യൂ വകുപ്പ് ഇറക്കിയ നോട്ടിഫിക്കേഷന്റെ കാലാവധി തീരുന്നതിനുമുമ്പ് അതിർത്തിക്കല്ലുകളെല്ലാം സ്ഥാപിച്ച് തർക്കങ്ങളൊന്നുമില്ലാത്ത ഈ സ്ഥലത്ത് നാല് വില്ലേജ് വരുന്നതിന് സ്ഥലം ഏറ്റെടുത്ത് കൊടുക്കുന്നതിൽ കാണിച്ചി ട്ടുള്ള അക്ഷന്തവ്യമായ അപരാധമാണ് ഇക്കാര്യത്തെ സംബന്ധിച്ച് അങ്ങ യുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അങ്ങ് തന്നെ വിളിച്ചുചേർത്ത മീറ്റിംഗിൽപ്പോലും റവന്യൂ അധികാരികൾ ബോദ്ധ്യപ്പെടുത്തിയത് അവിടെ വലിയ തർക്കങ്ങളുണ്ടെന്നും ജനങ്ങൾ ഇതിൽ പ്രതിഷേധിക്കുന്നുവെന്നു മാണ്. 14–06–2013–ന് ഞാനിവിടെ അവതരിപ്പിച്ച സബ്മിഷന് അങ്ങ് മറുപടി തന്നതിൽ സൂചിപ്പിച്ചിട്ടുള്ളത് ജനങ്ങളുടെ ശക്തമായ എതിർപ്പുകാരണം 3 ഡി സർവ്വേ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുന്നില്ലയെന്നാണ്. വാസ്തവത്തിൽ അവിടെ ബൈപ്പാസിന്റെ കാര്യത്തിൽ ജനങ്ങൾക്ക് എതിർപ്പ്

ഇല്ല. കോരാണി മുതൽ കഴക്കൂട്ടം വരെ വരുന്ന ഭാഗങ്ങളിലാണ് ചില എതിർപ്പുകൾ വന്നിട്ടുള്ളത്. പക്ഷേ ബൈപ്പാസിന്റെ കാര്യത്തിൽ ഒരു എതിർപ്പും ഉണ്ടായിട്ടില്ല. ഇതൊരു സ്റ്റാൻഡ് എലോൺ പ്രോജക്ടായി വരാൻ അങ്ങ് താൽപ്പര്യമെടുക്കണം. കൊല്ലം, ആലപ്പുഴ എന്നീ ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്കും മുഖ്യമന്ത്രിക്കും അങ്ങേയ്ക്കും എല്ലാം അറിവുള്ളതാണ്. ആറ്റിങ്ങൽ പട്ടണത്തിൽ ദൈനംദിനം ഉണ്ടാകുന്ന അപകടങ്ങളും അതുവഴി സംഭവിക്കുന്ന ദാരുണമായിട്ടുള്ള മരണങ്ങളും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഗതാഗതക്കുരുക്കുള്ള ഒരു പ്രദേശമാണിത്. ദേശീയപാത വഴി യാത്ര ചെയ്യുന്ന ആർക്കും അറിയാവുന്ന കാര്യമാണ്. ആറ്റിങ്ങൽ പട്ടണം കടന്നു പോകണമെങ്കിൽ ഏകദേശം ഒരു മണിക്കൂർവരെ സമയം എടുക്കുമെന്നുള്ള സ്ഥിതി എല്ലാവർക്കുമറിയാം. അതുകൊണ്ട് അങ്ങ് തന്നെ താൽപ്പര്യമെടുത്ത് തുടങ്ങിവച്ചിട്ടുള്ള ആ പ്രവർത്തനം ശക്തിപ്പെടുത്തണം. ഇതൊരു സ്റ്റാൻഡ് എലോൺ പ്രോജക്ടായി നടപ്പാക്കാൻ സാധിക്കുകയില്ല പകരം ദേശീയപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായിട്ടുള്ള ഒരു പദ്ധതിയായിട്ടുമാത്രമെ ഈ ബൈപ്പാസിനെ കാണാൻ കഴിയുകയുള്ളൂ എന്നാണ് ദേശീയപാതാ അതോറിറ്റി പറയുന്നത്. അതേസമയം ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലൊന്നും ബൈപ്പാസ് അങ്ങനെയല്ല വന്നത്. അവിടെ ബൈപ്പാസിനുവേണ്ടിയുള്ള സ്ഥലമെടുക്കുകയും തർക്കങ്ങൾ പരിഹരിച്ച് ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള ശ്രമം സർക്കാർ നേരിട്ട് നടത്തുകയുമാണ് ചെയ്തത്. അതുകൊണ്ട് ഇത് റീ-നോട്ടിഫിക്കേഷൻ നടത്തി ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടിയുള്ള അനുകൂലമായ നടപടി സ്വീകരിക്കുന്നതിന് സഭയു

ടെയും ഗവൺമെന്റിന്റെയും അങ്ങയുടെയും പ്രത്യേകമായ താൽപ്പര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, നിലവിലുള്ള ദേശീയ പാത 47 മണമ്പൂരിൽനിന്ന് ആരംഭിച്ച് മാമം കവലയിൽ അവസാനിക്കുന്നതാണ് ആറ്റിങ്ങൽ ബൈപ്പാസ്. ഇതിനുവേണ്ടി 41.5 ഹെക്ടർ സ്ഥലം ആവശ്യമാണ്. സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും എൻ.എച്ച് ആക്ട് 1056 പ്രകാരമുള്ള 3 എ നോട്ടിഫിക്കേഷൻ 27-03-2012-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ മണമ്പൂർ വില്ലേജൊഴികെ മറ്റ് സ്ഥലങ്ങളിൽ 3 ഡി സർവ്വെ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. റവന്യൂ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ആരാധനാലയങ്ങളെ ഒഴിവാക്കിക്കൊണ്ട് പുതിയ അലൈൻമെന്റ് തയ്യാറാക്കാനും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിയ ശേഷം ബൈപ്പാസ് നിർമ്മാണത്തിനൊരു പ്രത്യേക പരിപാടി സ്റ്റാൻഡ് എലോൺ പ്രോജക്ടായി പരിഗണിക്കുന്നതിനുമാവശ്യമായ ശുപാർശ സമർപ്പിക്കാനും ദേശീയ പാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ അലൈൻമെന്റിന് മാറ്റം വരുത്താൻ സാധിക്കുകയില്ലെന്ന് ദേശീയ പാത അതോറിറ്റിയുടെ ഡി.പി.ആർ. കൺസൾട്ടന്റായ ഐ.സി.റ്റി. പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി ദേശീയപാതാ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ദേശീയപാതാ അതോറിറ്റിയിൽ നിന്നുള്ള മറുപടി ലഭിച്ചതിനുശേഷം റീ-നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി സ്ഥലമേറ്റെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്ന

താണ്. സംസ്ഥാനത്തിപ്പോൾ സ്റ്റാൻഡ് എലോൺ പ്രോജക്ടായി 4 ബൈപ്പാസുകൾ ഗവൺമെന്റ് ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കാൻ പോകുകയാണ്. സ്ഥലം ഏറ്റെടുത്ത് കിട്ടിയാൽ ഗവൺമെന്റ് ഇത് സ്റ്റാൻഡ് എലോൺ പ്രോജക്ടായി ഏറ്റെടുക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)